**പതിനാലാം കേരള നിയമസഭ**

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IX
## (SUBJECT COMMITTEE IX)

**തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും**

## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

**ആനുകാലിക റിപ്പോർട്ട്**
(2019 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH, 2019)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**2019 ജൂലൈ 1-ാം തീയതി സമർപ്പിച്ചത്**
**(Presented on 1st July 2019)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2019

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി IX
# (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

## ആനുകാലിക റിപ്പോർട്ട്

(2019 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH, 2019)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

761/2019.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

## (2019 -2021)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. എ. സി. മൊയ്തീൻ,

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീ. ഇ. ചന്ദ്രശേഖരൻ,

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ഇ. കെ. വിജയൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. രാജു കെ. എ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം സബ്ജക്ട് കമ്മിറ്റിയുടെ 1-4-2018 മുതൽ 31-3-2019 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ 2016-2018 കാലയളവിലെ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം സബ്ജക്ട് കമ്മിറ്റി 2018 ഏപ്രിൽ 1 മുതൽ 2019 ജനുവരി 6 വരെയും 7-1-2019-ലെ 598-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം പുനഃസംഘടിപ്പിച്ച 2019-2021 കാലയളവിലെ കമ്മിറ്റി 2018 ജനുവരി 7 മുതൽ മാർച്ച് 31 വരെയുമുള്ള കാലയളവിൽ പരിശോധനയ്ക്ക് വിധേയമാക്കിയ കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

2018-19 കാലയളവിൽ സമിതി ആകെ 13 യോഗങ്ങൾ ചേർന്നു. ഇതിൽ 25-4-2018-ലെ യോഗം 2014-15, 2015-16, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുന്നതിന് വേണ്ടിയും 15-5-2018-ലെ യോഗം 2016-ലെ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ടിലെ (2016-ലെ 16-ാം നമ്പർ കേന്ദ്ര ആക്ട്) വ്യവസ്ഥകൾക്ക് അനുസൃതമായി തയ്യാറാക്കിയ കരട് ചട്ടം പരിഗണിക്കുന്നതിന് വേണ്ടിയും 7-6-2018-ലെ യോഗം 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ എന്നിവയും 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്, ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2018 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനും ഏർപ്പെടുത്താവുന്ന നടപടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് എന്നിവ പരിഗണിക്കുന്നതിനും 13-8-2018-ലെ യോഗം 2018-ലെ കേരള മുനിസിപ്പാലിറ്റി

കെട്ടിട നിർമ്മാണ (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ
(SRO. No. 95/2018), 2018-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (അനധികൃത
നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ (SRO. No. 96/2018) എന്നിവ
പരിഗണിക്കുന്നതിന് വേണ്ടിയും 26-9-2018-ലെ യോഗം ചട്ടം 235 (A) പ്രകാരം പ്രളയ
ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം
സംബന്ധിച്ച അവലോകനം നടത്തുന്നതിനും 24-10-2018-ലെ യോഗം ചട്ടം 235(A) പ്രകാരം
നഗരങ്ങളുടെ സമഗ്രവികസനത്തിനായുള്ള 'അമൃത് പദ്ധതി' സംബന്ധിച്ച് അവലോകനം
നടത്തുന്നതിനും 29-11-2018-ലെ യോഗം 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം
ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ, കേരള
നഗര-ഗ്രാമാസൂത്രണ സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്-2018,
2017-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ഭേദഗതി ചട്ടങ്ങൾ (SRO. No. 672/2017),
2017-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ
സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ഭേദഗതി ചട്ടങ്ങൾ (SRO. No. 673/2017), 2017-ലെ കേരള
മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ (SRO. No. 676/2017)
കുടുംബശ്രീയെക്കുറിച്ചുള്ള പ്രത്യേക റിപ്പോർട്ടിൽ ഉൾപ്പെടുത്താനുള്ള അധിക ശിപാർശകൾ
എന്നിവ പരിഗണിക്കുന്നതിന് വേണ്ടിയും 26-12-2018-ലെ യോഗം 'അർബൻ 2020' പദ്ധതി
സംബന്ധിച്ച അവലോകനത്തിന് വേണ്ടിയും 23-1-2019-ലെ യോഗം ചട്ടം 235(A) പ്രകാരം
'ജനകീയാസൂത്രണത്തിന്റെ വിജയത്തിന് അനിവാര്യ ഘടകങ്ങളായ ആസൂത്രണത്തിലും
കർമ്മശേഷി വികസനത്തിലും കിലയുടെ ഇടപെടൽ, 'തൊഴിലുറപ്പ് പദ്ധതികൾ
പ്രാദേശിക വികസനത്തിൽ വഹിക്കുന്ന പങ്ക്' എന്നീ വിഷയങ്ങൾ സംബന്ധിച്ച് ചർച്ച
ചെയ്യുന്നതിനും 27-2-2019 രാവിലെ 10.30-ന് ചേർന്ന യോഗം 2019-20 സാമ്പത്തിക
വർഷത്തെ ധനാഭ്യർത്ഥന XXII (നഗരവികസനം), XXVIII (പലവക സാമ്പത്തിക
സർവ്വീസുകൾ), XXXV(പഞ്ചായത്ത്), XXXVI (ഗ്രാമവികസനം), XLVI (സാമൂഹിക
സുരക്ഷിതത്വവും ക്ഷേമവും) എന്നിവ പരിഗണിക്കുന്നതിനും (XXII, XXXV, XXXVI
XLVI എന്നിവ പുനഃപരിശോധിക്കുന്നതിനായി മാറ്റിവച്ചു), 27-2-2019-ന് ഉച്ചയ്ക്ക് 12.00
മണിക്ക് ചേർന്ന യോഗം ധനാഭ്യർത്ഥന XXI (ഭവന നിർമ്മാണം), XXV (ന്യൂനപക്ഷ
ക്ഷേമം) എന്നിവയുടെ പരിശോധനയ്ക്ക് വേണ്ടിയും 6-3-2019-ലെ യോഗം ധനാഭ്യർത്ഥന
XXII, XXXV, XXXVI, XLVI എന്നിവ പുനഃപരിശോധിക്കുന്നതിന് വേണ്ടിയും
13-3-2019-ലെ യോഗം 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിന് വേണ്ടിയുമാണ്
ചേർന്നത്. സമിതി യോഗങ്ങളിലെ ശരാശരി ഹാജർ നില 54.54 ശതമാനമായിരുന്നു.

ഈ റിപ്പോർട്ട് VII അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്.

അദ്ധ്യായം I-ൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും അദ്ധ്യായം II-ൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും, അദ്ധ്യായം III-ൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങളും, അദ്ധ്യായം IV-ൽ നിയമസഭാ ചട്ടം 235 A പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങളും, അദ്ധ്യായം V-ൽ നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും അദ്ധ്യായം VI(എ)-ൽ 2018-19 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും ഉൾപ്പെടുന്നു. അദ്ധ്യായം VI(ബി)-ൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെയും ഡിലേ സ്റ്റേറ്റ്മെന്റുകളുടെയും വിശദാംശങ്ങളും ചേർത്തിരിക്കുന്നു.

അദ്ധ്യായം VII-ൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ചേർത്തിരിക്കുന്നു.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2019, ജൂൺ 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

എ. സി. മൊയ്തീൻ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2019 ജൂൺ 27.

761/2019.

# റിപ്പോർട്ട്

## അദ്ധ്യായം I

### സമർപ്പിച്ച റിപ്പോർട്ടുകൾ

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ 2019-20 സാമ്പത്തിക വർഷത്തെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 13-3-2019-ലെ സമിതി യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2019 മേയ് 28-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | XXI | — | ഭവനനിർമ്മാണം |
| ധനാഭ്യർത്ഥന നമ്പർ | XXII | — | നഗരവികസനം |
| ധനാഭ്യർത്ഥന നമ്പർ | XXV | — | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം |
| ധനാഭ്യർത്ഥന നമ്പർ | XXVIII | — | പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ | XXXV | — | പഞ്ചായത്ത് |
| ധനാഭ്യർത്ഥന നമ്പർ | XXXVI | — | ഗ്രാമവികസനം |
| ധനാഭ്യർത്ഥന നമ്പർ | XLVI | — | സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും |

2018 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് 7-6-2018-ൽ സമിതി അംഗീകരിക്കുകയും 18-6-2018-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 7-6-2018-ൽ ചേർന്ന യോഗം അംഗീകരിക്കുകയും 18-6-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

സമിതിയുടെ പരിഗണനയ്ക്ക് വന്ന 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ, 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ എന്നിവയിന്മേലുള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകൾ 11-6-2018-ന്

സഭയിൽ സമർപ്പിച്ചു. 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 3-12-2018-ന് സഭയിൽ സമർപ്പിച്ചു. കുടുംബശ്രീ യൂണിറ്റുകളുടെ വിപുലീകരണത്തിനും ശാക്തീകരണത്തിനും ഏർപ്പെടുത്താവുന്ന നടപടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് 11-12-2018-ന് സഭയിൽ സമർപ്പിച്ചു.

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന 27-2-2019 (രണ്ട് യോഗങ്ങൾ), 6-3-2019 എന്നീ തീയതികളിൽ നടത്തുകയുണ്ടായി.

## അദ്ധ്യായം II

## പരിഗണിച്ച ബില്ലുകൾ

2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ എന്നിവ സമിതിയുടെ 7-6-2018-ലെ യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ എന്നിവ സമിതിയുടെ 29-11-2018-ലെ യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം III

## പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ

1. 2016-ലെ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങൾ 15-5-2018-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

2. 2018-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 95/2018), 2018-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 96/2018) എന്നിവ സമിതിയുടെ 13-8-2018-ലെ യോഗം പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

3. കേരള നഗര-ഗ്രാമാസൂത്രണ സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ് 2018 സമിതിയുടെ 29-11-2018-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. 2017-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ഭേദഗതി ചട്ടങ്ങൾ, (എസ്. ആർ. ഒ. നമ്പർ 672/17) സമിതിയുടെ 29-11-2018-ലെ യോഗം പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

5. 2017-ലെ കേരള മുനിസിപ്പാലിറ്റി സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ (ഭേദഗതി) ചട്ടങ്ങൾ (എസ്. ആർ. ഒ. നമ്പർ 673/2017) സമിതിയുടെ 29-11-2018-ലെ യോഗം പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

6. 2017-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ, (എസ്. ആർ. ഒ. നമ്പർ 676/2017) സമിതിയുടെ 29-11-2018-ലെ യോഗം പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235(A) പ്രകാരം ചേർന്ന സമിതി യോഗങ്ങൾ

1. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനം സമിതിയുടെ 26-9-2018-ലെ യോഗം അവലോകനം നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

2. നഗരങ്ങളുടെ സമഗ്ര വികസനത്തിനായുള്ള 'അമൃത് പദ്ധതി' സംബന്ധിച്ച് സമിതിയുടെ 24-10-2018-ലെ യോഗം അവലോകനം ചെയ്യുകയും തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

3. 'അർബൻ 2020 ' എന്ന പദ്ധതി സംബന്ധിച്ച് സമിതിയുടെ 26-12-2018-ലെ യോഗം തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

4. ജനകീയാസൂത്രണത്തിന്റെ വിജയത്തിന് അനിവാര്യ ഘടകങ്ങളായ ആസൂത്രണത്തിലും കർമ്മശേഷിയിലും കിലയുടെ ഇടപെടൽ, 'തൊഴിലുറപ്പ് പദ്ധതികൾ പ്രാദേശിക വികസനത്തിൽ വഹിക്കുന്ന പങ്ക് ' എന്നീ വിഷയങ്ങൾ സമിതിയുടെ 23-1-2019-ലെ യോഗം ചർച്ച ചെയ്യുകയും തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുകയും ചെയ്തു.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | സർക്കാർ കത്ത് നമ്പർ | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | XXII—നഗരവികസനം | 2015-16 | 27/എഫ്.എം2/2016/ ത.സ്വ.ഭ.വ. തീയതി 23-3-2018 | 4-4-2018 |
| 2 | XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | ,, | ,, | ,, |
| 3 | XXXV —പഞ്ചായത്ത് | ,, | ,, | ,, |
| 4 | XXXVI—ഗ്രാമവികസനം | ,, | ,, | ,, |
| 5 | XXXV—പഞ്ചായത്ത് | 2016-17 | 97/എഫ്.എം2/2017/ ത.സ്വ.ഭ.വ. തീയതി 14-6-2018 | 6-12-2018 |
| 6 | XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | ,, | ,, | ,, |
| 7 | XXII—നഗരവികസനം | ,, | ,, | ,, |
| 8 | XLVI—സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും | ,, | ,, | ,, |
| 9 | XVI—പലവക പൊതു സർവ്വീസുകൾ | 2017-18 | എഫ്3/384/2017/ ആഭ്യന്തരം, തീയതി 11-6-2018 | 6-12-2018 |
| 10 | XXI—ഭവന നിർമ്മാണം | 2017-18 | 88/ബി1/2018/പ്ലാനിംഗ് തീയതി 14-5-2018 | 20-6-2018 |
| 11 | XXV—പട്ടികജാതി/ പട്ടികവർഗ്ഗ മറ്റ പിന്നാക്ക വിഭാഗങ്ങൾ/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | ,, | 30/എം.ഡബ്ല്യു1/2018/ പൊ.ഭ.വ. തീയതി 13-7-2018 | ,, |

അദ്ധ്യായം VI

## (എ) 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 57 | 1, 2, 3, 4, 5, 6 | 7 മുതൽ 57 വരെ | 51 |

അദ്ധ്യായം VI

## (ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്കളുടെയും കാലതാമസപത്രികകളുടെയും വിശദാംശങ്ങൾ

മുൻ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള കാലതാമസപത്രികകൾ ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ്കൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(1) 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ശിപാർശ

ഓഫീസ് ആധുനീകരണത്തിനും വീഡിയോ കോൺഫറൻസിംഗ് സൗകര്യം ലഭ്യമാക്കുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ട്രെയിനിംഗ് പ്ലാൻ പദ്ധതിയ്ക്ക് 2216-80-103-99(38) എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ട്രെയിനിംഗ് പ്ലാൻ പദ്ധതിക്ക് 2216-80-103-99 (38) എന്ന ശീർഷകത്തിൽ വകയിരുത്തിയ 50 ലക്ഷം രൂപയിൽ നിന്നും 29 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 2017-18-ലെ പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ ഭവനനിർമ്മാണ ബോർഡിന് 25 ലക്ഷം രൂപ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് അംഗീകരിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ HSG-A3/176/2017-HSG തീയതി 25-5-2018).

<u>ശിപാർശ</u>

ഒഴിഞ്ഞുകിടന്ന തസ്തികകൾ നികത്തിയതിനാലും ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയുംപ്രകാരമുള്ള തുക 2216-80-001-99-01 എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ശമ്പളം - 10,00,000 രൂപ

ക്ഷാമബത്ത - 4,00,000 രൂപ

വീട്ടുവാടക അലവൻസ് - 1,00,000 രൂപ

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിന് 15-3-2018-ലെ G.O.(Rt) No. 2022/2018/Fin. ഉത്തരവ് പ്രകാരം 2216-80-001-99-02-(1) Wages എന്ന ശീർഷകത്തിൽ ധനപുനർവിനിയോഗം വഴി 50,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ HSG-A3/176/2017-HSG തീയതി 25-5-2018).

ശിപാർശ

നിലവിലെ വാഹനം വളരെ പഴക്കം ചെന്നതായതിനാലും പുതിയ വാഹനം വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതമൊന്നും അനുവദിച്ചിട്ടില്ലാത്തതിനാലും 2216-80-001-99-21 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

ഹൗസിംഗ് കമ്മീഷണറേറ്റിന് കാർ വാങ്ങുന്ന വിഷയത്തിൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് തീരുമാനം കൈക്കൊള്ളുന്നതാണ്.

(സർക്കാർ കത്ത് നമ്പർ HSG-A3/176/2017-HSG തീയതി 25-5-2018).

ശിപാർശ

നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ 2216-80-001-99-21-2 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

ഹൗസിംഗ് കമ്മീഷണറേറ്റിന് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 10 ലക്ഷം രൂപ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ HSG-A3/176/2017-HSG തീയതി 25-5-2018).

ശിപാർശ

നിർമ്മിതി പ്രൊഡക്ഷൻ സെന്ററുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി തിരുവനന്തപുരം, പാലക്കാട് സെന്ററുകൾക്കായി ഓരോ ടിപ്പറും തിരുവനന്തപുരം സെന്ററിന് ഒരു ജെ.സി.ബി.-യും വാങ്ങുന്നതിലേയ്ക്കായി പദ്ധതിയിനത്തിൽ 59 ലക്ഷം രൂപ അധികമായും നിർമ്മിതി കേന്ദ്രത്തിന്റെ ആസ്ഥാന മന്ദിരത്തിന്റെയും റീജിയണൽ സെന്ററുകളുടെയും നവീകരണത്തിനായി പദ്ധതിയേതരയിനത്തിൽ 30 ലക്ഷം രൂപയും 2216-80-101-99 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രൊഡക്ഷൻ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 2017-18 വർഷത്തിൽ വകയിരുത്തിയ 17.50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ HSG-A3/176/2017-HSG തീയതി 25-5-2018).

<u>ശിപാർശ</u>

ക്ഷേമ പെൻഷൻ നിരക്ക് 1,000 രൂപയിൽ നിന്ന് 1,100 രൂപയായും 1,100 രൂപയിൽ നിന്ന് 1,300 രൂപയായും വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2235-02-101-92 എന്ന ശീർഷകത്തിലേയ്ക്ക് 49.9919 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

<u>സ്വീകരിച്ച നടപടി</u>

2235-02-101-92 അംഗവൈകല്യമുള്ളവർക്കും ഭിന്നശേഷി വിഭാഗക്കാർക്കുമായുള്ള പ്രത്യേക പെൻഷൻ പദ്ധതി ഇനത്തിൽ അധികവിഹിതം അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിൻ പ്രകാരം 2017 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 338.74 കോടി രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ 338.74 കോടി രൂപ അനുവദിക്കുകയും ആയത് പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക നിലവിൽ പര്യാപ്തമാണ്.

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം2/2017/ത.സ്വ.ഭ.വ., തീയതി 1-2-2018).

<u>ശിപാർശ</u>

ക്ഷേമ പെൻഷൻ നിരക്ക് 800 രൂപയിൽ നിന്ന് 1,000 രൂപയായി വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2235-60-102-96 എന്ന ശീർഷകത്തിലേയ്ക്ക് 48.07 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

<u>സ്വീകരിച്ച നടപടി</u>

2235-60-102-96 സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ പദ്ധതിയനുസരിച്ച് 50 വയസ്സിനുമേൽ പ്രായമുള്ളവർക്കുള്ള പെൻഷൻ പദ്ധതി ഇനത്തിൽ അധിക വിഹിതം അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തത് പ്രകാരം 2017 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 71.58 കോടി രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ 71.58 കോടി രൂപ അനുവദിക്കുകയും ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക പര്യാപ്തവുമാണ്.

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം2/2017/ത.സ്വ.ഭ.വ., തീയതി 1-2-2018).

<u>ശിപാർശ</u>

ദേശീയ വാർദ്ധക്യകാല പെൻഷൻ നിരക്ക് 1,000 രൂപയിൽ നിന്ന് 1,100 രൂപയായി വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും 75 വയസ്സിനുമേൽ പ്രായമുള്ള ഗുണഭോക്താക്കൾക്ക് 1,500 രൂപയായി പെൻഷൻ വർദ്ധിപ്പിച്ചതും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്ത മല്ലാത്തതിനാൽ 2235-60-102-97 എന്ന ശീർഷകത്തിലേയ്ക്ക് 24,45,35,88,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

<u>സ്വീകരിച്ച നടപടി</u>

2235-60-102-97 ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി ഇനത്തിൽ അധിക തുക അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2017 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 2248.67 കോടി രൂപ അനുവദിക്കുന്നതിലേയ്ക്കായി ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ 2248.67 കോടി രൂപ അനുവദിക്കുകയും ടി തുക പൂർണ്ണമായും ചെലഴിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക നിലവിൽ പര്യാപ്തമാണ്.

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം2/2017/ത.സ്വ.ഭ.വ., തീയതി 1-2-2018).

<u>ശിപാർശ</u>

കർഷക തൊഴിലാളി ക്ഷേമപെൻഷൻ നിരക്ക് 600 രൂപയിൽ നിന്ന് 1,000 രൂപയായി വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2235-60-102-98 എന്ന ശീർഷകത്തിലേയ്ക്ക് 2505 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

<u>സ്വീകരിച്ച നടപടി</u>

2235-60-102-98 കർഷക തൊഴിലാളി പെൻഷൻ പദ്ധതി ഇനത്തിൽ അധിക തുക അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2017 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 456.08 കോടി രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ 456.08 കോടി രൂപ അനുവദിക്കുകയും ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക നിലവിൽ പര്യാപ്തമാണ്.

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം2/2017/ത.സ്വ.ഭ.വ., തീയതി 1-2-2018).

<u>ശിപാർശ</u>

അഗതികൾക്കുള്ള ക്ഷേമ പെൻഷൻ നിരക്ക് 800 രൂപയിൽ നിന്ന് 1,000 രൂപയായി വർദ്ധിപ്പിക്കുന്നതിനും പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2235-60-102-99 എന്ന ശീർഷകത്തിലേയ്ക്ക് 10,69,57,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

<u>സ്വീകരിച്ച നടപടി</u>

2235-60-102-99 അഗതികൾക്കുള്ള പെൻഷൻ പദ്ധതി ഇനത്തിൽ അധിക തുക അനുവദിക്കുന്നതിന് ബഹു. കമ്മിറ്റി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2017 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ തുക വിതരണം ചെയ്യുന്നതിന് 1138.02 കോടി രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ 1138.02 കോടി രൂപ അനുവദിക്കുകയും ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക നിലവിൽ പര്യാപ്തമാണ്.

(സർക്കാർ കത്ത് നമ്പർ 125/എഫ്. എം2/2017/ത.സ്വ.ഭ.വ., തീയതി 1-2-2018)

(2) <u>2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-63 01.4 മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് എന്ന ഇനത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

G.O. (Rt) No. 8619/16/Fin. തീയതി 2-11-2016 പ്രകാരം 2,00,000 രൂപ അധികമായി അനുവദിച്ചതിനാൽ ശിപാർശ ചെയ്തപ്രകാരമുള്ള തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 195/എഫ്. എം2/2016/ത.സ്വ.ഭ.വ., തീയതി 9-11-2017).

<u>ശിപാർശ</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-63-02 വേജസ് എന്ന ഇനത്തിൽ 1,54,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

G.O. (Rt) No. 6202/16/Fin. തീയതി 23-7-2016 പ്രകാരം 1,50,000 രൂപയും G.O. (Rt) No.8619/16/Fin. തീയതി 2-11-2016 പ്രകാരം 4,00,000 രൂപയും അനുവദിച്ചതിനാൽ കമ്മിറ്റി ശിപാർശ ചെയ്തപ്രകാരമുള്ള തുക ആവശ്യമായി വന്നില്ല

(സർക്കാർ കത്ത് നമ്പർ 195/എഫ്. എം2/2016/ത.സ്വ.ഭ.വ., തീയതി 9-11-2017).

<u>ശിപാർശ</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-63-04.1 എന്ന ഇനത്തിൽ 2,80,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

ഈ ഇനത്തിൽ G.O. (Rt) No. 6202/16/Fin. തീയതി 23-7-2016 പ്രകാരം 50,000 രൂപയും G.O. (Rt) No.8619/16/Fin. തീയതി 2-11-2016 പ്രകാരം 2,00,000 രൂപയും അധികമായി അനുവദിച്ചതിനാൽ കമ്മിറ്റി ശിപാർശ ചെയ്തപ്രകാരമുള്ള തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 195/എഫ്. എം2/2016/ത.സ്വ.ഭ.വ., തീയതി 9-11-2017).

ശിപാർശ

നിലവിലുള്ള പദ്ധതി വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-63-04.4 എന്ന ഇനത്തിൽ 3,96,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ അനുവദിച്ച തുകയായ 4,000 രൂപ പര്യാപ്തമല്ലാത്തതിനാൽ G.O. (Rt) No. 395/2017/Fin. തീയതി 17-1-2017 പ്രകാരം 30,000 രൂപ അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ 195/എഫ്. എം2/2016/ത.സ്വ.ഭ.വ., തീയതി 9-11-2017).

ശിപാർശ

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-63-05.3 എന്ന ഇനത്തിൽ 22,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

G.O. (Rt) No.8619/16/Fin. തീയതി 2-11-2016 പ്രകാരം 10,000 രൂപ അധികമായി അനുവദിച്ചതിനാൽ കമ്മിറ്റി ശിപാർശ ചെയ്തപ്രകാരമുള്ള തുക ആവശ്യമായി വന്നില്ല

(സർക്കാർ കത്ത് നമ്പർ 195/എഫ്. എം2/2018/ത.സ്വ.ഭ.വ., തീയതി 9-11-2017).

ശിപാർശ

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-63-05.4 എന്ന ഇനത്തിൽ 1,61,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ 195/എഫ്. എം2/2018/ത.സ്വ.ഭ.വ., തീയതി 9-11-2017).

ശിപാർശ

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-63-21.2 എന്ന ഇനത്തിൽ 43,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ G.O. (Rt) No. 6202/16/Fin. തീയതി 23-7-2016 പ്രകാരം 50,000 രൂപ അധികമായി അനുവദിച്ചതിനാൽ കമ്മിറ്റി ശിപാർശ ചെയ്തപ്രകാരമുള്ള തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 195/എഫ്. എം2/2018/ത.സ്വ.ഭ.വ., തീയതി 9-11-2017).

ശിപാർശ

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-63-99 എന്ന ശീർഷകത്തിലേയ്ക്ക് 99,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 195/എഫ്. എം2/2018/ത.സ്വ.ഭ.വ., തീയതി 9-11-2017).

ശിപാർശ

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മഴക്കാലപൂർവ്വ ക്യാമ്പയിൻ ചെലവുകൾക്കായി 6,96,20,000 രൂപയും, ശുചിത്വ മിഷന്റെ ഭരണപരമായ ചെലവുകൾക്കായി 1,00,00,000 രൂപയും, പ്ലാസ്റ്റിക് മാലിന്യ പരിപാലന ചെലവുകൾക്കായി 8,00,00,000 രൂപയും ഉറവിട മാലിന്യ സംസ്കരണ ചെലവുകൾക്കായി 2,00,00,000 രൂപയും 2515-00-101-68 എന്ന ശീർഷകത്തിലേക്ക് അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മഴക്കാലപൂർവ്വ ക്യാമ്പയിൻ ചെലവുകൾക്കായി 6,96,20,000 രൂപയും, ശുചിത്വ മിഷന്റെ ഭരണപരമായ ചെലവുകൾക്കായി 1,00,00,000 രൂപയും, പ്ലാസ്റ്റിക് മാലിന്യ പരിപാലന ചെലവുകൾക്കായി 8,00,00,000 രൂപയും ഉറവിട മാലിന്യ സംസ്കരണ ചെലവുകൾക്കായി 2,00,00,000 രൂപയും ഈ ശീർഷകത്തിലേക്ക് അധികമായി അനുവദിക്കണമെന്ന് ശിപാർശ നൽകിയിരുന്നെങ്കിലും അനുവദിച്ചിട്ടില്ല .

(സർക്കാർ കത്ത് നമ്പർ 195/എഫ്. എം2/2018/ത.സ്വ.ഭ.വ., തീയതി 9-11-2017).

<u>ശിപാർശ</u>

ദുർബ്ബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലുള്ള കമ്മി നികത്തുന്നതുൾപ്പെടെ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ 2216-80-103-99 എന്ന ശീർഷകത്തിൽ 49,17,60,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സ്വീകരിച്ച നടപടി</u>

നോൺ പ്ലാൻ ചെലവുകൾ വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണ് എന്ന് ബഹു. ധനകാര്യ മന്ത്രി പറഞ്ഞ സാഹചര്യത്തിൽ അധിക തുക SDG വഴി അനുവദിക്കാൻ കഴിയില്ല.

(സർക്കാർ കത്ത് നമ്പർ ബി2/37/2016/ഭവനം, തീയതി 5-12-2017).

<u>ശിപാർശ</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2216-80-103-99-02 എന്ന ശീർഷകത്തിൽ 32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സ്വീകരിച്ച നടപടി</u>

വർക്കിംഗ് ജേർണലിസ്റ്റുകൾക്കുള്ള ഭവനനിർമ്മാണം സംബന്ധിച്ച് ഭവനനിർമ്മാണ ബോർഡിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമായില്ല .

(സർക്കാർ കത്ത് നമ്പർ ബി2/37/2016/ഭവനം, തീയതി 5-12-2017).

<u>ശിപാർശ</u>

ഒ.റ്റി.എസ്. ആനുകൂല്യം നൽകുന്നതിനായി പദ്ധതിയേതരത്തിൽ ന്യൂ സർവ്വീസ് പ്രൊസീഡിയർ പ്രകാരം 194,60,83,000 രൂപ അനുവദിക്കണമെന്നും തിരിച്ചടവിന് പരമാവധി ഇളവ് അനുവദിച്ച് തിരിച്ചടവ് തുക വർദ്ധിപ്പിക്കുവാൻ നടപടിയെടുക്കണമെന്നും സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കാലോചിതമായി പരിഷ്കരിച്ച് പരമാവധി ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതിനും ഫലപ്രദമായി നടപ്പിലാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ ബോർഡ് സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സ്വീകരിച്ച നടപടി</u>

ടി വിഷയത്തിന്മേൽ ഭവനനിർമ്മാണ ബോർഡിൽ നിന്നും പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ബി2/37/2016/ഭവനം, തീയതി 5-12-2017).

<u>ശിപാർശ</u>

കൽപ്പറ്റ ഭവന പദ്ധതി നടത്തിപ്പിനായി ന്യൂ സർവ്വീസ് പ്രൊസീഡിയർ പ്രകാരം 1,98,78,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>സ്വീകരിച്ച നടപടി</u>

വൈകി ലഭിച്ച ശിപാർശ ആയതിനാലും ടി ഇനങ്ങൾ SDG circular-ന്റെ പരിധിയിൽ വരാത്തതിനാലും 2016-17-ലെ അവസാനവട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ബി2/37/2016/ഭവനം, തീയതി 5-12-2017).

<u>ശിപാർശ</u>

18000-ൽ പരം സ്പോൺസർമാർ വിഹിതം അടച്ച് കാത്തിരിക്കുന്നതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് കൂടുതൽ തുക ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2216-80-103-99-33 എന്ന ശീർഷകത്തിലേയ്ക്ക് 1385 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

ഗൃഹശ്രീ പദ്ധതിയിനത്തിൽ 2016-17 വർഷത്തിൽ 36.15 കോടി രൂപ വകയിരുത്തിയതിൽ 12.94 കോടി രൂപ മിച്ചം ഉള്ളതായി കാണുന്നു. ആയതിനാൽ അധിക തുക അനുവദിക്കേണ്ട ആവശ്യം ഇല്ല. മാത്രമല്ല പുതിയ സാമ്പത്തിക വർഷത്തിൽ 21.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രൊപ്പോസലുകൾ വൈകി ലഭിച്ചതിനാൽ ഇതിന്മേൽ തുടർ നടപടി സാധ്യമല്ല.

(സർക്കാർ കത്ത് നമ്പർ ബി2/37/2016/ഭവനം, തീയതി 5-12-2017).

ശിപാർശ

സാന്ത്വനം വാടക വീട് പദ്ധതിയുടെ ഭാഗമായി 44 യൂണിറ്റുകളുടെ ജോലികൾ പൂർത്തീകരിക്കുന്നതിനായി ബഡ്ജറ്റിൽ വിഹിതമൊന്നും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിക്ക് 6216-80-201-95 എന്ന ശീർഷകത്തിൽ 8,50,43,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സ്വീകരിച്ച നടപടി

പ്രൊപ്പോസൽ ലഭ്യമായിട്ടില്ലാത്തതിനാൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ബി2/37/2016/ഭവനം, തീയതി 5-12-2017)

ശിപാർശ

കേന്ദ്ര സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുള്ള 12 കോടി രൂപ പര്യാപ്തമല്ലാത്തതിനാൽ 6216-80-201-98 എന്ന ശീർഷകത്തിൽ 509 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുവാൻ നടപടിയെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിക്ക് 2015-16 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള 12 കോടി രൂപക്ക് പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ള സാഹചര്യത്തിൽ പദ്ധതിക്കായി സമിതി ശിപാർശ ചെയ്തിട്ടുള്ള അധിക തുക ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ ബി2/37/2016/ഭവനം, തീയതി 5-12-2017).

ശിപാർശ

പദ്ധതിച്ചെലവായ 1992 ലക്ഷം രൂപയിൽ നബാർഡിൽ നിന്നും വായ്പയായി ലഭിക്കുന്ന 1707.30 ലക്ഷം രൂപ കിഴിച്ച് ബാക്കി തുകയായ 2,84,70,000 രൂപ 2216-80-201-96 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സ്വീകരിച്ച നടപടി

ഹരിപ്പാട് റവന്യൂ ടവർ പദ്ധതി സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിനായി D.P.R., ഹൗസിംഗ് ബോർഡുമായുള്ള കരാറിന്റെ പകർപ്പ്, സംസ്ഥാന ഭവനനിർമ്മാണ ബോർഡിനുവേണ്ടി പദ്ധതി നടപ്പാക്കുന്നത് മറ്റേതെങ്കിലും ഏജൻസികളാണെങ്കിൽ, tender തുക എത്രയാണ്, Work Order-ന്റെ പകർപ്പ് എന്നിവകൂടി ലഭ്യമാക്കുവാൻ ഭവനനിർമ്മാണ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/37/2016/ഭവനം, തീയതി 5-12-2017).

(3) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ശിപാർശ

എറണാകുളത്ത് മൾട്ടി ലെവൽ പാർക്കിംഗിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 15,00,00,000 രൂപ 6216 എന്ന പുതിയ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

പ്രസ്തുത ശിപാർശ SDG-യുടെ പരിധിയിൽപ്പെടാത്തതിനാൽ 2015-16-ലെ അവസാനഘട്ട SDG-യിൽ ഉൾപ്പെടുത്തി പരിഗണിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ HSG-B2/24/2015-HSG, തീയതി 27-3-2018).

(4) <u>2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്</u>

<u>കൽപ്പറ്റ ഭവന പദ്ധതി</u> : ഈ പദ്ധതി പ്രകാരം റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ള വീടുകളുടെയും ഭൂമിയുടെയും വില സർക്കാരിൽനിന്നും ലഭിക്കേണ്ടതുള്ളതിനാൽ ഈ ഇനത്തിൽ 187.77 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ ടി പദ്ധതി പരിഗണിക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ ബി2/3934/2014/ഭവനം, തീയതി 20-11-2018).

<u>ചട്ടം 236(5) പ്രകാരം സഭയുടെ മേശപ്പുറത്ത് വച്ച കാലതാമസപത്രികകൾ</u>

| ക്രമ നമ്പർ | സാമ്പത്തിക വർഷവും റിപ്പോർട്ട് നമ്പരും | ഖണ്ഡിക നമ്പർ | സർക്കാർ കത്ത് നമ്പർ | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | 2017-18 (രണ്ടാമത് റിപ്പോർട്ട്) | 1, 2, 3, 4, 21, 25 | HSG-B2/50/2017-HSG തീയതി 24-11-2018 | 5-12-2018 |
| 2 | ,, | 13, 14, 15, 24 | 510/ഇ 3/2017/പൊ.മ.വ. തീയതി 30-10-2018 | 5-12-2018 |
| 3 | 2015-16 (അഞ്ചാമത് റിപ്പോർട്ട്) | 19 | HSG B2/24/2015-HSG തീയതി 27-3-2018 | 19-6-2018 |
| 4 | 2015-16 (അഞ്ചാമത് റിപ്പോർട്ട്) | 20 | 387/എ 2/2018/സഹ. തീയതി 17-11-2018 | 5-12-2018 |
| 5 | 2014-15 (നാലാമത് റിപ്പോർട്ട്) | 2, 16, 17, 27, 30 | 441/എ 2/2018/സഹ. തീയതി 9-1-2019 | 30-1-2019 |

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റുമെന്റുകളുടെ വിശദാംശങ്ങളും

കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണവും വിപുലീകരണവുമായി ബന്ധപ്പെട്ട നടപടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് 11-12-2018-ന് സഭയിൽ സമർപ്പിക്കുകയും റിപ്പോർട്ടിന്റെ പകർപ്പുകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ 97 ശിപാർശകളാണുള്ളത്. പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിച്ചിട്ടില്ല.

എ.സി. മൊയ്തീൻ,
*അദ്ധ്യക്ഷൻ,*
*സബ്ജക്റ്റ് കമ്മിറ്റി IX.*

തിരുവനന്തപുരം,
2019 ജൂൺ 27.

## 25-4-2018-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2018 ഏപ്രിൽ മാസം 25-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുമായ ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. അനിൽ അക്കര
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. കെ. ബാബു
4. ശ്രീ. പി. ഉബൈദുള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി എൽ. സിന്ധു, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. അബ്ദുൾ നാസർ ബി., സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
3. ശ്രീമതി പി. ശോഭന, അഡീഷണൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
4. ശ്രീ. എൽ. പി. ചിത്തർ, ഡയറക്ടർ, ശുചിത്വ മിഷൻ.

2014-2015, 2015-2016, 2016-2017, 2017-2018 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച് ഭവനനിർമ്മാണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിൽനിന്നും ലഭിച്ച തുടർനടപടി സ്റ്റേറ്റ്മെന്റുകളും കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റിൽനിന്നും ലഭിച്ച വിശദീകരണക്കുറിപ്പും സമിതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുംപ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു:

## ഭവനനിർമ്മാണ വകുപ്പ്

സമിതിയുടെ 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഭവനനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 24-മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാം മത് റിപ്പോർട്ടിലെ ഭവനനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 19-മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

വകുപ്പുകളിൽനിന്നും ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ ലഭിക്കുന്നതിൽ കാലതാമസം വരുന്നതായി സമിതി നിരീക്ഷിച്ചു. കാലതാമസം ഉണ്ടാകുന്നതുമൂലം അതത് സാമ്പത്തിക വർഷം തന്നെ പദ്ധതികൾ പരിഗണിയ്ക്കാൻ കഴിയില്ലെന്നും "സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ പരിഗണിക്കാൻ കഴിഞ്ഞില്ല", " അനുവദിക്കാൻ നിർവ്വാഹമില്ല" എന്നീ രീതികളിലുള്ള മറുപടികളാണ് ലഭിക്കുന്നതെന്നും ഇത് ഒഴിവാക്കേണ്ടതാണെന്നും സമിതി ചൂണ്ടിക്കാട്ടി.

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഭവനനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 50, 51 എന്നിവയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

ഖണ്ഡിക 52- 'ഒ.ടി.എസ്. ആനുകൂല്യങ്ങൾ' എന്ന വിഷയം ചർച്ച ചെയ്ത വേളയിൽ ഭവനനിർമ്മാണ ബോർഡിൽനിന്നും പ്രൊപ്പോസൽ ലഭ്യമായിട്ടില്ല എന്നാണ് മറുപടി നൽകിയിരിക്കുന്നതെന്നും ബന്ധപ്പെട്ട വകുപ്പുകൾ അധിക തുക ആവശ്യപ്പെടുന്നതനുസരിച്ചാണ് സമിതി അധിക തുക വകയിരുത്തണമെന്ന് ശിപാർശ നൽകുന്നതെന്നും നിയമസഭാ സെക്രട്ടേറിയറ്റ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

ഒരു പദ്ധതിയ്ക്ക് വകുപ്പ് അധിക തുക ആവശ്യപ്പെട്ടതനുസരിച്ച് സമിതി ശിപാർശ ചെയ്തതിനുശേഷം ബന്ധപ്പെട്ട ഭരണ വകുപ്പ് പ്രൊപ്പോസൽ സമർപ്പിക്കാതിരുന്നത് ഉചിതമായില്ലെന്ന് ചൂണ്ടിക്കാട്ടിയ, സമിതി, ഒ.ടി.എസ്. ആനുകൂല്യം സംബന്ധിച്ച വിഷയത്തിൽ യഥാസമയം പ്രൊപ്പോസൽ സമർപ്പിക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിനോട് വിശദീകരണം ആരായുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

ഖണ്ഡിക 53-(കൽപ്പറ്റ ഭവന പദ്ധതി) : നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു. ഖണ്ഡിക 54- സബ്സിഡികൾ എന്നതിൽ, ഗവൺമെന്റ് മറുപടി പ്രകാരം ഗുണഭോക്തൃ വിഹിതം അടച്ചുകഴിഞ്ഞിട്ടും പ്രൊപ്പോസൽ നൽകാൻ വൈകിയതിനാൽ ആനുകൂല്യത്തിന് അർഹരായ നിരവധി ആളുകൾക്ക് അത് നഷ്ടപ്പെടുകയാണെന്ന് നിരീക്ഷിച്ച സമിതി അധിക തുകയ്ക്ക് ആവശ്യമായ പ്രൊപ്പോസലുകൾ കൂടി ബന്ധപ്പെട്ട വകുപ്പ് സമർപ്പിച്ചിട്ടുണ്ടെങ്കിൽ മാത്രമേ അധിക തുക ആവശ്യപ്പെടുന്ന പദ്ധതികൾ സമിതി ശിപാർശയ്ക്കായി പരിഗണിക്കേണ്ടതുള്ളുവെന്ന് തീരുമാനിക്കുകയും ചെയ്തു.

ഖണ്ഡിക 54, 57, 58, 59 എന്നിവയിലെ നടപടി സ്റ്റേറ്റ്മെന്റ്കൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**തദ്ദേശസ്വയംഭരണ വകുപ്പ്**

സമിതിയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 16 മുതൽ 24 വരെയുള്ളവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്കൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 60 മുതൽ 64 വരെയുള്ളവയിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്കൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ചട്ടം 236(5) പ്രകാരം ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്ത വകുപ്പുകളിൽ നിന്നും, ചട്ടം 235(6) പ്രകാരം വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കാത്ത വകുപ്പുകളിൽനിന്നും മേയ് 30-ന് മുമ്പ് റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് കത്തയയ്ക്കുവാൻ സമിതി നിർദ്ദേശിച്ചു.

<u>കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട കരട് ചട്ടം തയ്യാറാക്കുന്നത് സംബന്ധിച്ച് സമിതിക്കുള്ള കുറിപ്പ്</u>

(ഫയൽ നമ്പർ 2200/സബ്.സി.ഡി1/14/നി.സെ.)

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട കരട് ചട്ടം തയ്യാറാക്കുന്നതിന് സർക്കാർ ലഭ്യമാക്കിയ മറുപടി സംബന്ധിച്ച സമിതിയ്ക്കുള്ള കുറിപ്പ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. തദവസരത്തിൽ സംസ്ഥാനത്തെ എല്ലാ കമ്മീഷനുകളുടെയും പ്രവർത്തനങ്ങളിൽ ഒരു ഏകീകരണം വേണമെന്നും കമ്മീഷന് പ്രവർത്തിക്കാനുള്ള സൗകര്യാർത്ഥം ഒരു ഹെഡ്ക്വാർട്ടേഴ്സ് രീതിയിലുള്ള സംവിധാനം വേണമെന്നും ഓരോ കമ്മീഷന്റെയും കാലാവധി തീരുന്ന മുറയ്ക്ക് പുതിയ കമ്മീഷനുകൾക്ക് പ്രസ്തുത സംവിധാനങ്ങൾ കൈമാറി അവ ഉപയോഗപ്പെടുത്താൻ സാധിക്കുകയും ചെയ്യുന്ന രീതിയിലുള്ള പ്രൊപ്പോസലുകൾ സർക്കാരിന് മുമ്പിൽ വന്നിട്ടുണ്ടെന്നും സർക്കാർ ആയത് പരിശോധിച്ച് വരികയാണെന്നും ചെയർമാൻ വിശദീകരിച്ചു.

ഗവൺമെന്റ് നൽകിയ വിശദീകരണ കത്തിലെ ഉള്ളടക്കം സമിതി അംഗീകരിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 2.45-ന് പിരിഞ്ഞു.

# 15-5-2018-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2018 മേയ് മാസം 15-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് 12.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുമായ ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. അനിൽ അക്കര
3. ശ്രീ. പി. ഉബൈദുള്ള
4. ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. സി. പി. വിനോദ്, ചെയർമാൻ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ
5. ശ്രീ. കെ. ദേവരാജൻ, കൺസൾട്ടന്റ്, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ
6. ശ്രീ. മുഹമ്മദ് റിയാസ്, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

സമിതി 2016-ലെ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റിലെ (2016-ലെ 16-ാം നമ്പർ കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾക്കനുസൃതമായി തയ്യാറാക്കിയ കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ്) കരട് ചട്ടം പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

അദ്ധ്യായം I-ലെ ചട്ടം I(1)-ൽ, "Kerala Real Estate (Regulation and Development) Rules 2017" എന്നുള്ളത് "Kerala Real Estate (Regulation and Development) Rules 2018" എന്നാക്കി മാറ്റുവാനും ചട്ടം 2(1)(d)-ൽ രണ്ടാമത്തെ വരിയിൽ...."under the sub section (1) of section(20)" എന്നത് "under sub section (1) of section(20)" എന്നാക്കി മാറ്റുവാനും അദ്ധ്യായം II-ലെ ചട്ടം 3(1)-ൽ നാലാമത്തെ വരിയിൽ "date of notification of commmencements of section 3 of Act and displaying it on the website of Real Estate Regulatory Authority in such manner prescribed by these regulation" എന്നുള്ളത് "date of notification of commmencement of section 3 of the Act" എന്നാക്കി മാറ്റുവാനും സമിതി നിർദ്ദേശിച്ചു.

അദ്ധ്യായം II-ലെ ചട്ടം 3(4)-ൽ, "In the case of plot for a sum of calculated at the rate of....." എന്നത് "In the case of plot for a sum calculated" എന്നാക്കി മാറ്റുവാനും ചട്ടം 4(1)(b)-ൽ രണ്ടാമത്തെ വരിയിൽ "....tax returns for the promotor" എന്നത് "....tax returns of the promotor" എന്നാക്കി മാറ്റുവാനും ചട്ടം 5(4)-ൽ "In case of plotted development....sold to the allottees" എന്നുള്ളത് "In case of plot development....sold to the allottees" എന്നാക്കി മാറ്റുവാനും ചട്ടം 7(1)-ൽ രണ്ടാമത്തെ വരിയിൽ ".....certificate with a registration number Form 'C' to the promotor" എന്നത് ".....certificate with a registration number in Form 'C' to the promotor" എന്നാക്കി മാറ്റുവാനും ചട്ടം 8(1)-ൽ, രണ്ടാമത്തെ വരിയിൽ 'as per section 6' എന്നതിനു ശേഷമുള്ള അർദ്ധ വിരാമം ഒഴിവാക്കാനും സമിതി നിർദ്ദേശിച്ചു.

അദ്ധ്യായം III-ലെ ചട്ടം 12(4)-ൽ, "....shall be valid for a period Five years" എന്നത് "....shall be valid for a period of five years" എന്നാക്കുന്നതിനും അദ്ധ്യായം VI, ചട്ടം 20(3)-ൽ "A Search Committee shall constituted to suggest a panel of names....as Chairperson or Members of the Authority" എന്നത് "A Search Committee may be constituted by the selection committee to suggest....as Chairperson or Member of the Authority" എന്നാക്കി മാറ്റുന്നതിനും തുടർന്ന് വരുന്ന "The Search committee shall consist of......എന്നതും തുടർന്നുള്ള ഉപചട്ടം (i), (b) to (f) വരെയുള്ളതും ഒഴിവാക്കുന്നതിനും ചട്ടം 20(3)(a) എന്നത് 20(3) എന്ന് പുനരക്കം ചെയ്യുന്നതിനും സമിതി നിർദ്ദേശിച്ചു.

അദ്ധ്യായം VI-ലെ ചട്ടം 22(1)(h)-ൽ 'authorization of tours to be undertaken by any member, officer or employee...for the same' എന്നത് 'authorization of tours to be undertaken by Chairman, Members, officers and staff of the authority'എന്നാക്കി മാറ്റണമെന്നും കൂടാതെ ചട്ടം 22(1)(b)-ലും ഉപചട്ടങ്ങളിൽ (h)-ലും 'any member' എന്നതിന് മുമ്പായി chairman എന്നുകൂടി ഉൾപ്പെടുത്തുവാൻ സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.40-ന് പിരിഞ്ഞു.

## 7-6-2018 -ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം, 2018 ജൂൺ മാസം 7-ാം തീയതി വ്യാഴാഴ്ച സഭ പിരിഞ്ഞതിനുശേഷം രാവിലെ 11.10-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുമായ ഡോ. കെ.ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ കമ്മിറ്റിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. അനിൽ അക്കര
3. ശ്രീ. കെ. ബാബു
4. ശ്രീ. കെ. എസ്. ശബരീനാഥൻ
5. ശ്രീ. പി. ഉബൈദുള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീമതി ആർ. ഗിരിജ, ജോയിന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീ. എസ്. ആർ. സന്തോഷ് കുമാർ, ജോയിന്റ് സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്

4. ശ്രീ. ബി. കെ. ബലരാജ്, ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ് ഡയറക്ടറേറ്റ്

5. ശ്രീ. ബി. അബ്ദുൾ നാസർ, ഹൗസിംഗ് കമ്മീഷണർ &സെക്രട്ടറി, ഹൗസിംഗ് ബോർഡ്.

സമിതി 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, (ബിൽ നമ്പർ 135), 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, (ബിൽ നമ്പർ 136), 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, (ബിൽ നമ്പർ 137), 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ, (ബിൽ നമ്പർ 138), 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2018 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനും ഏർപ്പെടുത്തിയിട്ടുള്ള നടപടി സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് എന്നിവ പരിഗണിക്കുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങൾ എടുക്കുകയും ചെയ്തു:

(എ) 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ എന്നീ ബില്ലുകൾ ഖണ്ഡം ഖണ്ഡമായി പരിഗണിച്ച സമിതി, ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ., ശ്രീ. അനിൽ അക്കര, എം.എൽ.എ., ശ്രീ. കെ.എസ്. ശബരീനാഥൻ, എം.എൽ.എ., ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ. എന്നീ അംഗങ്ങളുടെ വിയോജന കുറിപ്പുകളോടെ പ്രസ്തുത ബില്ലുകൾ ഭേദഗതി കൂടാതെ അംഗീകരിച്ചു.

(ബി) <u>2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്</u>

ഭവനനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 5, 7, 8, 9, 18 എന്നിവയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(സി) <u>കരട് റിപ്പോർട്ടുകളുടെ പരിഗണന</u>

1. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2. 2018 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു

3. കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനും ഏർപ്പെടുത്താവുന്ന നടപടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് സമിതി പരിഗണിക്കുകയും താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

ആഗസ്റ്റ്, സെപ്റ്റംബർ, ഡിസംബർ, ജനുവരി മാസങ്ങൾ തെരുവ് നായ്ക്കളുടെ പ്രജനന കാലമായതിനാൽ ആ കാലയളവിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് നായ്ക്കുട്ടികളെ പിടികൂടി വന്ധ്യംകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും മുതിർന്ന നായ്ക്കളെ വന്ധ്യംകരിക്കുന്നതിനേക്കാൾ ഫലപ്രദമെന്ന് വിലയിരുത്തിയ സമിതി, കരട് റിപ്പോർട്ടിലെ തെരുവുനായ നിയന്ത്രണം സംബന്ധിച്ച ഭാഗങ്ങളിൽ നായ്ക്കുട്ടികളെ സെപ്റ്റംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽത്തന്നെ പിടിച്ച് വന്ധ്യംകരണം നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന ശിപാർശ റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചു.

കരട് റിപ്പോർട്ടിലെ പേജ് 30-ൽ ഹോം നേഴ്സുമാരുടെ റിക്രൂട്ടിംഗ് മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന വലിയ ചൂഷണം അവസാനിപ്പിക്കുന്നതിന് ഹോം നേഴ്സ് റിക്രൂട്ടിംഗ് ഏജൻസിയായി കുടുംബശ്രീയെ ചുമതലപ്പെടുത്തുന്നതിനുള്ള ശിപാർശ കൂടി ഉൾപ്പെടുത്തുവാൻ സമിതി നിർദ്ദേശിച്ചു.

കരട് റിപ്പോർട്ടിലെ "നോക്കാനും, പരിപാലിക്കാനും ആളില്ലാതെ" എന്ന് ആരംഭിക്കുന്ന ശിപാർശയുടെ അവസാന ഭാഗത്ത് "നോക്കാനും പരിപാലിക്കാനും ആളില്ലാതെ നരക തുല്യമായ ജീവിതം നയിക്കുന്ന സ്ത്രീകളെയും പുരുഷന്മാരെയും ഏറ്റെടുത്ത് താമസിപ്പിക്കുന്നതിനും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി പ്രാരംഭ ഘട്ടത്തിൽ ഒരു ജില്ലയിൽ ഒരു പുനരധിവാസ കേന്ദ്രമെങ്കിലും കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു" എന്ന് കൂടി ചേർക്കാൻ സമിതി നിർദ്ദേശിച്ചു.

യോഗം രാവിലെ 11.55-ന് പിരിഞ്ഞു.

## 13-8-2018 -ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം, 2018 ആഗസ്റ്റ് മാസം 13-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ഡോ. കെ.ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. അനിൽ അക്കര
3. ശ്രീ. കെ. ബാബു.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. ബി. ബോസ്, അഡീഷണൽ ലാ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി ആർ. ഗിരിജ, ഡയറക്ടർ, അർബൻ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്
4. ശ്രീ. രാജേഷ് പി. എസ്., ചീഫ് ടൗൺ പ്ലാനർ
5. ശ്രീമതി ഗിരിജ കെ. എസ്., ചീഫ് ടൗൺ പ്ലാനർ
6. ശ്രീ. ദത്തൻ സി. എസ്., പ്രോജക്ട് ഓഫീസർ, കുടുംബശ്രീ
7. ശ്രീ. ബിനു ഫ്രാൻസിസ്, പ്രോജക്ട് ഓഫീസർ, കുടുംബശ്രീ
8. ശ്രീ. അനീഷ് കുമാർ എം. എസ്., സീനിയർ കൺസൾട്ടന്റ്, കുടുംബശ്രീ.

സമിതി ചുവടെപ്പറയുന്ന എസ്.ആർ.ഒ.-കൾക്ക് സാധൂകരണം നൽകുകയും സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച കുറിപ്പുകളിന്മേൽ ചർച്ച നടത്തുകയും ചെയ്തു.

1 2018-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ, എസ്.ആർ.ഒ.നമ്പർ 95/2018 (സാധൂകരിച്ചു).

2 2018-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ, എസ്.ആർ.ഒ.നമ്പർ 96/2018 (സാധൂകരിച്ചു).

## സമിതിക്കുള്ള കുറിപ്പുകൾ

3. നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്കനുസൃതമായ കരട് ചട്ടങ്ങൾ സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ച്

(ഫയൽ നമ്പർ 680/സബ്.സി.ഡി1/13/നി.സെ.)

കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിൽ കാലതാമസം വരുന്നതുമായി ബന്ധപ്പെട്ട് ബഹു. സ്പീക്കറുടെ റൂളിംഗ് ഉണ്ടായതായി ചൂണ്ടിക്കാട്ടിയ സമിതി 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട്, 2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട്,

2014-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ആക്ട് എന്നിവയുമായി ബന്ധപ്പെട്ട് ഇനിയും പുറപ്പെടുവിക്കാനുള്ള കരട് ചട്ടങ്ങൾ എത്രയും വേഗം തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

30 ദിവസത്തിനുള്ളിൽ കരട് ചട്ടങ്ങൾ തയ്യാറാക്കി ലഭ്യമാക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പുനല്കി.

4. 14-12-2016-ലെ സമിതി യോഗത്തിന്റെ നിർദ്ദേശ പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ച് (പുഴകളിലും, തോടുകളിലും, കനാലുകളിലും നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പുകൾക്ക് നിശ്ചയിച്ച് കൊടുക്കുന്ന വിഷയം)

(ഫയൽ നമ്പർ 5316/സബ്.സി.ഡി1/16/നി.സെ.)

പുഴകളിലും തോടുകളിലും കനാലുകളിലും നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പുകൾക്ക് ഏൽപ്പിച്ച് കൊടുക്കേണ്ടതിന്റെ ആവശ്യകത സമിതി ചർച്ച ചെയ്തു. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പുഴകളുടെ അധികാരം ത്രിതല പഞ്ചായത്തുകൾക്കും റവന്യൂ, ജലസേചനം എന്നീ വകുപ്പുകൾക്കുമാണെന്നും എന്നാൽ അവയിൽ തള്ളുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി കൈക്കൊള്ളേണ്ടതാരെന്നുള്ള പ്രശ്നം നിലനിൽക്കുന്നതായും സമിതി ചൂണ്ടിക്കാട്ടി.

കനാലുകളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് പ്രത്യേക ഫണ്ട് നൽകുന്നതിന്റെ സാധ്യതയെപ്പറ്റി സമിതി അംഗങ്ങൾ ആരാഞ്ഞതിന്, കഴിഞ്ഞ രണ്ട് വർഷങ്ങളായി പ്ലാൻ ഫണ്ടിന്റെ 10% ഖരമാലിന്യ സംസ്കരണത്തിനായി വിനിയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്ന കാര്യം അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ത്രിതല പഞ്ചായത്തുകൾ ഫണ്ട് വിനിയോഗിച്ച് മാലിന്യനിർമ്മാർജ്ജനം നടത്തിയ സ്ഥലത്തുതന്നെ വീണ്ടും മാലിന്യം നിക്ഷേപിക്കുന്ന അവസ്ഥ നിലനില്ക്കുന്നുണ്ടെന്നും മുന്നറിയിപ്പ് ബോർഡ് വച്ചാലും ജനങ്ങൾ അത് പാലിക്കുന്നില്ലെന്നും സമിതി അംഗങ്ങൾ ചൂണ്ടിക്കാട്ടി. ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതുകൊണ്ടുമാത്രം വിജയിക്കുവാൻ കഴിയില്ലെന്നും നിയമ നടപടികൾ എൻഫോഴ്സ് ചെയ്താൽ മാത്രമേ വിജയം കണ്ടെത്താനാവൂ എന്നും അഡീഷണൽ ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടി.

പല രാജ്യങ്ങളിലും ഒഴുകുന്നതും ഒഴുകാത്തതുമായ ജലാശയങ്ങളിലെയും തോടുകളിലെയും ഫ്ലോട്ടിംഗ് മാലിന്യങ്ങൾ തരംതിരിച്ച് മാറ്റുന്നതിന് യന്ത്രവൽകൃത സംവിധാനമുണ്ടെന്നും ജലാശയങ്ങളുടെ സൈഡിൽനിന്നും മാലിന്യങ്ങൾ വലിച്ചെറിയാൻ കഴിയാത്ത തരത്തിൽ പ്രൊട്ടക്ഷൻ ഒരുക്കേണ്ടതുണ്ടെന്നും സംസ്ഥാനത്ത് ചില

സ്ഥലങ്ങളിലെങ്കിലും ഇത്തരം സംവിധാനം ഒരുക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

യന്ത്രങ്ങൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വാങ്ങി സൂക്ഷിക്കുന്നതിന് പ്രയോഗിക ബുദ്ധിമുട്ടുണ്ടെന്ന് അഭിപ്രായപ്പെട്ട സമിതി അദ്ധ്യക്ഷൻ ഇതിന് ജലസേചന വകുപ്പിൽ സംവിധാനമുണ്ടോ എന്ന് ആരാഞ്ഞു. ഇത്തരം പ്രവൃത്തികൾക്ക് ജലസേചന വകുപ്പിന് പ്രത്യേക ഫണ്ടില്ലെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

മാലിന്യ നിക്ഷേപം തടയുന്നതിന് അതത് വകുപ്പിനെ ഏല്പിക്കുന്നത് വരെ ആയതിനുള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽക്കൂടി കടന്നുപോകുന്ന പുഴയിലോ കനാലിലോ ഉള്ള മാലിന്യ നിർമ്മാർജ്ജനം ജലസേചന വകുപ്പിന്റെ ഉത്തരവാദിത്വ മാക്കുന്നതിന് ചർച്ചകൾ നടന്നെങ്കിലും പ്രസ്തുത വകുപ്പിന് മാലിന്യ സംസ്കരണത്തിന് സംവിധാനമില്ലെന്നും കൂടാതെ 2016-ലെ കേന്ദ്ര നിയമം അനുസരിച്ച് മാലിന്യ സംസ്കരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണെന്നും അദ്ദേഹം തുടർന്നറിയിച്ചു. മാലിന്യം ജനറേറ്റ് ചെയ്യപ്പെടുന്ന സ്രോതസ്സിൽ തന്നെ തടയുകയും ശേഖരിക്കുകയും തരം തിരിക്കുകയും സംസ്കരിക്കുകയും ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണെന്ന് തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. ഹരിതകേരളം മിഷന്റെ ഭാഗമായി കുറെ സ്ഥലങ്ങളിൽ വൺ ടൈം ക്ലീനിംഗ് ആരംഭിച്ചതായും ഗ്രാമീണ മേഖലകളിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. (മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗാരന്റീ സ്കീം)-ന്റെ ഫണ്ടുപയോഗിച്ചും നഗരങ്ങളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തിയും ഒറ്റത്തവണ ശുചിയാക്കൽ നടത്താമെന്നും അദ്ദേഹം തുടർന്നറിയിച്ചു.

മാലിന്യ സംസ്കരണവും ജലാശയങ്ങൾ മാലിന്യ മുക്തമാക്കലും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവാദിത്വമായി കണ്ട് മുന്നോട്ട് പോകുവാൻ സമിതി നിർദ്ദേശിച്ചു.

5. സമിതിയുടെ 25-4-2018-ലെ യോഗ തീരുമാനം-ഭവനനിർമ്മാണ വകുപ്പ് ലഭ്യമാക്കിയ വിശദീകരണം (യഥാസമയം പ്രൊപ്പോസൽ സമർപ്പിക്കാത്തതിനാൽ പദ്ധതികൾ അതത് സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ കഴിയാത്തത്) പരിഗണിക്കുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 2003/സബ്.സി.ഡി1/16/നി.സെ.)

ഒ.റ്റി.എസ്. ആനുകൂല്യങ്ങൾ എന്ന പദ്ധതിയിന്മേൽ പ്രൊപ്പോസൽ യഥാസമയം സമർപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിക്കൊണ്ട് ഭവനനിർമ്മാണ വകുപ്പ് ലഭ്യമാക്കിയ വിശദീകരണം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## III. കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് കേരള കുടുംബശ്രീ മിഷൻ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പരിഗണന

(ഫയൽ നമ്പർ 5909/സബ്.സി.ഡി1/18/നി.സെ.)

കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സമിതി തയ്യാറാക്കുന്ന പ്രത്യേക റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനായി മിഷൻ തയ്യാറാക്കി നൽകിയ ശിപാർശകൾ സമിതി പരിശോധിച്ചു. പ്രസ്തുത ശിപാർശകളുടെ പ്രായോഗികതയെക്കുറിച്ച് ഒന്നു കൂടി പരിശോധിക്കേണ്ടതാണെന്ന് വിലയിരുത്തിയ സമിതി കുടുംബശ്രീ മിഷൻ ലഭ്യമാക്കിയ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് അവയിൽ, ശിപാർശയായി സമിതി റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കാൻ കഴിയുന്നവയുടെ വിവരങ്ങൾ കുറിപ്പായി സമിതിക്ക് നൽകുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ചു. ആയത് ഉടൻതന്നെ സമിതിക്ക് ലഭ്യമാക്കാമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു.

## 26-9-2018 -ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2018 സെപ്റ്റംബർ മാസം 26-ാം തീയതി ഉച്ചയ്ക്ക് 12.00 മണിയ്ക്ക് നിയമസഭാ മന്ദിരത്തിലെ '604'-ാം നമ്പർ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായ ശ്രീ. എ.സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. പി. ഉബൈദുള്ള
4. ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. പി . വി. ചന്ദ്രദാസ്., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. എസ്. മോഹൻദാസ്, അഡീഷണൽ സെക്രട്ടറി ആന്റ് ടീം ലീഡർ, ഫ്ലഡ് കൺട്രോൾ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീമതി എൽ. സിന്ധു, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീമതി ആർ. ഗിരിജ, ഡയറക്ടർ , നഗരകാര്യ വകുപ്പ്
5. ശ്രീ. എൻ. പത്മകുമാർ, ഗ്രാമവികസന വകുപ്പ് കമ്മീഷണർ
6. ശ്രീ. എച്ച്. ദിനേശൻ, പഞ്ചായത്ത് ഡയറക്ടർ
7. ശ്രീ. എസ്. ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
8. ശ്രീ. കെ. രാജേന്ദ്രൻ, ഡയറക്ടർ, ശുചിത്വ മിഷൻ
9. ശ്രീ. സജികുമാർ പി.ബി., ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ശ്രീ. വിഷ്ണുകുമാർ. ജി., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ശ്രീ. പ്രമോദ് വി., അസിസ്റ്റന്റ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി
12. ശ്രീ. ശ്രീജിത്ത് എൽ.കെ., പ്രതിനിധി, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്.

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സമിതി, തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ വരുന്ന ഗ്രാമവികസനം, നഗരകാര്യം, പഞ്ചായത്ത്, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി തുടങ്ങിയ വകുപ്പുകളിലെ/സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തുന്നതിനായാണ് യോഗം കൂടിയിരിക്കുന്നതെന്ന് ആമുഖമായി സൂചിപ്പിച്ച സമിതി ചെയർമാൻ, ദുരിതാശ്വാസ

പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദീകരിക്കുവാൻ ഓരോ വകുപ്പിലേയും ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു

ആലപ്പുഴ, എറണാകുളം, കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ, വയനാട് എന്നീ ആറ് ജില്ലകളിലെ നഗരങ്ങളിൽ ആകെയുള്ള 1474 വാർഡുകളിൽ 1020 വാർഡുകളെ പ്രളയം ബാധിച്ചെന്നും, 111356 വീടുകളെ ബാധിച്ചതിൽ 111039 വീടുകൾ വൃത്തിയാക്കിയതായും 1419 പൊതുകെട്ടിടങ്ങളെയും 827 പൊതുസ്ഥലങ്ങളെയും പ്രളയം ബാധിച്ചെങ്കിലും അവയെല്ലാം വൃത്തിയാക്കി കഴിഞ്ഞതായും പ്രളയം ബാധിച്ച 52937 കിണറുകളിൽ 52896 കിണറുകൾ വൃത്തിയാക്കുകയും 5051 കിണറുകൾ സൂപ്പർ ക്ലോറിനേഷൻ നടത്തുകയും 7763 കിണറുകളിൽനിന്നും വെള്ളം പമ്പ് ചെയ്ത് കളയുകയും ചെയ്തെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 535301 മീറ്റർ ഡ്രെയിനേജ് ക്ലീൻ ചെയ്യുകയും 25 ലക്ഷം കിലോഗ്രാം non-biodegradable മാലിന്യവും, 2556000 ബയോ ഡീഗ്രേഡബിൾ മാലിന്യവും പ്രളയബാധിത പ്രദേശങ്ങളിൽനിന്ന് നീക്കം ചെയ്യുകയും 16130 പക്ഷികളുടെയും, 1703 ചെറിയ മൃഗങ്ങളുടെയും 428 വലിയ മൃഗങ്ങളുടെയും മൃതശരീരങ്ങൾ സംസ്കരിക്കുക തുടങ്ങിയ കാര്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയിട്ടുണ്ടെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടർ തുടർന്നറിയിച്ചു

ആലപ്പുഴ ജില്ലയിൽ 571 വീടുകളും എറണാകുളം ജില്ലയിൽ 420 വീടുകളും തൃശ്ശൂർ ജില്ലയിൽ 101 വീടുകളും ഉൾപ്പെടെ 1098 വീടുകൾ ഇനിയും വൃത്തിയാക്കാൻ ഉണ്ടെന്നും അവയിൽ ഉടമസ്ഥരില്ലാത്തതിനാലും പൂട്ടിക്കിടക്കുന്നതിനാലും വൃത്തിയാക്കാൻ കഴിയാത്ത വീടുകളും ഉണ്ടെന്നും 19000-ത്തോളം കിണറുകളും വൃത്തിയാക്കാനുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് സമിതിക്ക് ലഭ്യമാക്കിയ കുറിപ്പിൽ ഇടുക്കി, മലപ്പുറം, കോഴിക്കോട് പോലെയുള്ള പ്രളയ ബാധിത ജില്ലകളെ സംബന്ധിച്ച പരാമർശങ്ങൾ ഉൾപ്പെടുത്താത്തതിനെക്കുറിച്ച് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ, ആലപ്പുഴ, എറണാകുളം, കോട്ടയം, പത്തനംതിട്ട തൃശ്ശൂർ, വയനാട് എന്നീ ആറ് ജില്ലകളിൽ പ്രളയം ബാധിച്ച് ദീർഘകാലം വെള്ളത്തിനടിയിൽ ആയിരുന്ന പ്രദേശങ്ങളിലെ വീടുകളുടെ ക്ലീനിംഗ് സംബന്ധിച്ച കണക്കുകളാണ് രേഖപ്പെടുത്തിയിരുന്നതെന്നും 14 ജില്ലകളിലെയും തകർന്നതും ഉപയോഗശൂന്യവുമായ വീടുകളുടെയും കണക്കുകൾ എടുക്കുന്നുണ്ടെന്നും മലപ്പുറം ജില്ലയിലെ കണക്കുകൾ പൂർത്തിയാക്കാനുണ്ടെന്നും ഇടുക്കിയിൽ മാത്രം 278 ഉരുൾപൊട്ടലുകൾ ഉണ്ടായിട്ടുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ടെന്നും അടിയന്തരമായി വിശദമായ കണക്കെടുപ്പ് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

ഇടുക്കി ജില്ലയെക്കുറിച്ച് കുറിപ്പിൽ പരാമർശിക്കാത്തതെന്തെന്ന സമിതിയുടെ ചോദ്യത്തിന്, ഇടുക്കി ജില്ലയെക്കൂടി ഉൾപ്പെടുത്താമെന്നും ഉരുൾപൊട്ടലിൽ ധാരാളം വീടുകൾ ഒലിച്ചുപോയതും നശിച്ചുപോയതുമായിട്ടുണ്ടെന്നാണ് പ്രാഥമിക കണക്കെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു എല്ലാ ജില്ലകളിൽ നിന്നുമുള്ള കണക്കുകൾ പൂർത്തിയാകുന്നതോടുകൂടി വിശദവിവരം അറിയാൻ കഴിയുമെന്ന് സമിതി നിരീക്ഷിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേയിൽ പതിനാല് ജില്ലകളിലുമായി 18872 വീടുകൾ പൂർണ്ണമായും 100504 വീടുകൾ ഭാഗികമായും തകർന്നതായി കണ്ടെത്തിയെന്നും എന്നാൽ ഇതുവരെയുള്ള കണക്കനുസരിച്ച് 14 ജില്ലകളിലും കൂടി ആകെ 11336 വീടുകൾ പൂർണ്ണമായും 127251 വീടുകൾ ഭാഗീകമായും തകർന്നതായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു .

ലഭ്യമാക്കിയിട്ടുള്ള കണക്കുകൾ തമ്മിൽ വ്യത്യാസമുണ്ടെന്ന് ചൂണ്ടിക്കാട്ടിയ സമിതി, തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ കുറിപ്പിൽ പ്രസ്തുത കണക്കുകളൊന്നും രേഖപ്പെടുത്തിയിട്ടില്ലെന്നും നിരീക്ഷിച്ചു. പ്രസ്തുത കണക്ക് സംബന്ധിച്ച ലിസ്റ്റ് തലേദിവസമാണ് സെക്രട്ടേറിയറ്റിൽ കൊടുത്തതെന്നും അതുകൊണ്ടായിരിക്കാം കുറിപ്പിൽ ഉൾപ്പെടാതെ പോയതെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിക്കുകയും ആയതിന്റെ പകർപ്പുകൾ സമിതിയ്ക്ക് നൽകുകയും ചെയ്തു.

പ്രളയ ദുരിതത്തിൽപ്പെട്ട് ഗതാഗതയോഗ്യമല്ലാതായ റോഡുകളുടെയും പാലങ്ങളുടെയും അവസ്ഥ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പതിനാല് ജില്ലകളിലേയും ഗ്രാമ-നഗര പ്രദേശങ്ങളിൽ 1656 കിലോ മീറ്റർ റോഡ് പൂർണ്ണമായും 13887 കിലോ മീറ്റർ റോഡ് ഭാഗികമായും തകർന്നതായും 334 പാലങ്ങൾ പൂർണ്ണമായും 833 പാലങ്ങൾ ഭാഗികമായി തകർന്നതായും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ വിശദമാക്കി. 1751 അംഗനവാടി കെട്ടിടങ്ങൾ പൂർണ്ണമായും തകരുകയും 494 സ്കൂളുകൾക്ക് 217 പ്രൈമറി ഹെൽത്ത് സെന്ററുകൾക്കും കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ടെന്നും പഞ്ചായത്തിന്റെ സ്വന്തമായുള്ള 425 കെട്ടിടങ്ങൾ പൂർണ്ണമായും തകർന്നിട്ടുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു.

കണക്റ്റിവിറ്റി പാലം ഏത് വകുപ്പാണ് ചെയ്തതെന്ന് നോക്കാതെ പഞ്ചായത്തിന്റെ സ്വത്തായി കണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ തന്നെ പാലങ്ങളുടെ

അറ്റകുറ്റപ്പണി ചെയ്തോ പുതുക്കി പണിതോ നൽകേണ്ടിവരുമെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി. നെയ്യാറ്റിൻകര നഗരസഭയിൽ വിവിധ സ്ഥലങ്ങളിലായി ഏഴ് ദുരിതാശ്വാസ ക്യാമ്പുകൾ ഉണ്ടായിരുന്നെങ്കിലും ഒന്നുമാത്രമേ പ്രവർത്തിച്ചുള്ളൂ എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ കുറിപ്പിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ പ്രസ്തുത തെറ്റുകൾ തിരുത്താമെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിയ്ക്ക് ഉറപ്പ് നൽകി.

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഗ്രാമവികസന കമ്മീഷണറേറ്റ് തലത്തിൽ കൺട്രോൾറൂം തുടങ്ങുകയും ഗ്രാമവികസന വകുപ്പിലെ മുഴുവൻ ജീവനക്കാരെയും ദുരിതാശ്വാസ ക്യാമ്പുകളിൽ സെക്ടറൽ ഓഫീസർമാരായി നിയമിച്ച് ഓരോ ക്യാമ്പുകളുടെയും ചുമതല നൽകുകയും ചെയ്തതായും ക്യാമ്പുകളുടെ നടത്തിപ്പ്, ഭക്ഷണ സാധനങ്ങൾ എത്തിക്കുക, ഇവയുടെ കോ-ഓർഡിനേഷൻ, ശുചീകരണം തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം നടത്തുകയും ചെയ്തതായും പ്രളയത്തിന് ശേഷമുള്ള ശുചീകരണ പ്രവർത്തനങ്ങൾ ബ്ലോക്ക് തലങ്ങളിൽ ഇപ്പോഴും തുടർന്നുവരുന്നുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ വിശദീകരിച്ചു.

പ്രളയത്തിൽ നശിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളിലും മറ്റും ഗതാഗതം പുനഃസ്ഥാപിച്ചതുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് ഓരോ വകുപ്പും സമിതി മുമ്പാകെ വിശദീകരിക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. അതിൻ പ്രകാരം മണൽ ചാക്കുകൾ വച്ചും ബണ്ടുകൾ സ്ഥാപിച്ചും മണ്ണിടിച്ചിൽ ഉണ്ടായ സ്ഥലങ്ങളിൽ പുതിയ ഹെയർപിൻ വളവുകൾ സ്ഥാപിച്ചും 7480 കി.മീ. റോഡ് താല്ക്കാലികമായി ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെന്നും തകർന്ന പാലങ്ങൾ ഭൂരിഭാഗവും താല്ക്കാലികമായി പുനഃസ്ഥാപിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ വിശദീകരിച്ചു.

നഗരപ്രദേശങ്ങളിൽ പതിനായിരത്തോളം ടോയ്‌ലറ്റുകൾ നശിച്ചതായി പ്രാഥമിക കണക്കെടുപ്പിൽ വ്യക്തമായതായും അവ പുതുക്കിപ്പണിയുന്നതിനുള്ള ഫണ്ട് സ്വച്ഛ് ഭാരത് സ്കീമിൽ നിന്നും നൽകാമെന്ന് കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ടെന്നും ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചു. ഗ്രാമപ്രദേശങ്ങളിൽ 83500-ഓളം ടോയ്‌ലറ്റുകൾ പുതുക്കി പണിയുന്നതിന് 128 കോടി രൂപ വേണ്ടിവരുമെന്നും ആയതിനുള്ള ഫണ്ടിനായി കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും എല്ലാ ടോയ്‌ലറ്റുകളും സെപ്റ്റിക് ടാങ്കുകളിലേയ്ക്ക് മാറണമെന്ന നിർദ്ദേശം ഉള്ളതിനാൽ യൂണിറ്റ് കോസ്റ്റിൽ വ്യത്യാസം വരുമെന്നും ആയതിനായി അധിക ധനസമാഹരണം വേണ്ടിവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ, വെള്ളം കയറി നശിച്ച കിടക്ക, ജനാല, സോഫാസെറ്റ്, മറ്റ് വീട്ടുപകരണങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവയുടെ സംസ്കരണം തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ക്ലീൻ കേരള കമ്പനിയാണ് നിർവ്വഹിക്കുന്നതെന്നും അത് സംബന്ധിച്ച വിശദാംശങ്ങൾ ടി കമ്പനി ഉദ്യോഗസ്ഥർ വ്യക്തമാക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പറഞ്ഞു.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് രണ്ട് സർക്കാർ ഉത്തരവുകൾ ഉണ്ടെന്നും ടെൻഡർ വഴി കണ്ടെത്തിയിട്ടുള്ള ഏജൻസികളാണ് മാലിന്യ ശേഖരണത്തിനും അതിന്റെ റീ-സൈക്ലിംഗിനും നിയോഗിക്കപ്പെട്ടിരിക്കുന്നതെന്നും അവർ സാധാരണ നിലയിലുള്ള മാലിന്യങ്ങൾക്ക് കി.ഗ്രാമിന് 10 രൂപ നിരക്കിലും ട്യൂബ് ലൈറ്റ് പോലെ അപകടകരമായ മാലിന്യങ്ങൾക്ക് 40 രൂപ നിരക്കിലും തുക നൽകുന്നുണ്ടെന്നും ക്ലീൻ കേരള കമ്പനി ഉദ്യോഗസ്ഥൻ വെളിപ്പെടുത്തി.

വയനാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, മലപ്പുറം, കോഴിക്കോട് തുടങ്ങിയ ജില്ലകളിൽ നിന്നും ഇതുവരെ 6405 ടൺ മാലിന്യങ്ങൾ ശേഖരിച്ചിട്ടുണ്ടെന്നും മാലിന്യ സംസ്കരണത്തിനും പുനഃചംക്രമണത്തിനുമായി നിയോഗിച്ചിട്ടുള്ളതും ഹരിത കേരളം മിഷൻ എംപാനൽ ചെയ്തതുമായ ഏജൻസികൾ ഇതുവരെ 3000 ടൺ മാലിന്യം സംസ്കരിച്ചിട്ടുണ്ടെന്നും അതിനായി ദുരിതാശ്വാസ ഫണ്ടിൽനിന്നും അനുവദിച്ച 5.25 കോടി രൂപയിൽ 75 ലക്ഷത്തോളം രൂപ ഇതുവരെ ചെലവഴിച്ചതായും വയനാട്, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ മാലിന്യ പ്രശ്നം ഒരു പരിധിവരെ പരിഹരിച്ചിട്ടുണ്ടെന്നും അദ്ദേഹം സമിതി മുൻപാകെ വിശദീകരിച്ചു . കലാമിറ്റി റിലീഫ് ഫണ്ടിൽനിന്നും ഒരു വിഹിതം മാലിന്യ സംസ്കരണത്തിന് നീക്കിവയ്ക്കാമെന്ന് പഞ്ചായത്ത് വകുപ്പ് അറിയിച്ചതായി അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

പ്രളയസമയത്ത് കുടുംബശ്രീ യൂണിറ്റുകൾ നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ച് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ വിശദീകരിച്ചു. ഏകദേശം 3.4 ലക്ഷം കുടുംബശ്രീ വോളന്റിയർമാർ രണ്ട് ലക്ഷത്തോളം വീടുകൾ വൃത്തിയാക്കുന്നതിന് സഹായിച്ചു. കുടുംബശ്രീയുടെ തന്നെ കമ്മ്യൂണിറ്റി കൗൺസിലർമാർ വിവിധ ദുരിതാശ്വാസ കേന്ദ്രങ്ങളിലും ക്യാമ്പുകളിലും വീടുകളിലും പോയി 39000 ആളുകൾക്ക് കൗൺസിലിംഗ് നൽകി. ദുരിതാശ്വാസ ക്യാമ്പുകളിൽ അവശ്യവസ്തുക്കളുടെ കിറ്റ് വിതരണം ചെയ്യാനും കുടുംബശ്രീ വോളണ്ടിയർമാരെ നിയോഗിച്ചു. കുടുംബശ്രീ അംഗങ്ങളുടെ വീടുകളിൽ 38000-ത്തോളം ദുരിതബാധിതരെ താമസിപ്പിക്കുക വഴി നല്ലൊരു സേവന മാതൃക തുറക്കുവാനും കുടുംബശ്രീയ്ക്ക് കഴിഞ്ഞതായി കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കുടുംബശ്രീയുടെ പ്രധാന പ്രവർത്തനമണ്ഡലമായ ഉപജീവന മേഖലയിലും 200 കോടിയോളം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി അദ്ദേഹം വിശദമാക്കി. 29425 ഏക്കർ കൃഷിഭൂമി നശിച്ചുപോകുകയും 1200 ഓളം ചെറുകിട സംരംഭങ്ങൾക്ക് സ്റ്റോക്ക് നഷ്ടപ്പെടുകയോ കെട്ടിടങ്ങളും

യന്ത്രസാമഗ്രികളും നശിക്കുകയോ ചെയ്തിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പി.എം.എ.വൈ. (അർബൻ) പ്രകാരം നിർമ്മിച്ച 120 വീടുകൾക്ക് നാശം സംഭവിക്കുകയും നിരവധി സി.ഡി.എസ്. ഓഫീസുകൾക്കും ഓഫീസ് ഉപകരണങ്ങൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ വിശദമാക്കി.

2.72 ലക്ഷം കുടുംബശ്രീ അംഗങ്ങൾ പ്രളയബാധിതരാണെന്നും അവർക്ക് ഒമ്പത് ശതമാനം പലിശനിരക്കിൽ 1 ലക്ഷം രൂപ വായ്പ നൽകുന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നും 1.28 ലക്ഷം പേരുടെ അപേക്ഷകൾ വിവിധ ബാങ്കുകളിൽ എത്തിച്ചതായും അദ്ദേഹം തുടർന്നറിയിച്ചു. ലോൺ എടുക്കുന്ന കുടുംബശ്രീ അംഗങ്ങൾക്ക് 40% മുതൽ 50% വരെ ഡിസ്കൗണ്ട് നിരക്കിൽ വീട്ടുപകരണങ്ങൾ ലഭ്യമാക്കുന്നതിന് വിവിധ കമ്പനികൾ വാഗ്ദാനം നൽകിയിട്ടുള്ള കാര്യം എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

നവകേരള ലോട്ടറി വഴിയുള്ള വിഭവ സമാഹരണത്തിനായി എല്ലാ സി.ഡി.എസുകളും ലോട്ടറികളുടെ കാഷ്വൽ ഏജൻസി എടുത്തിട്ടുണ്ടെന്നും 250 രൂപ നിരക്കിൽ 223900 ടിക്കറ്റുകൾ വിറ്റഴിച്ചതായും കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ചൂണ്ടിക്കാട്ടി. പ്രളയത്തിന് ശേഷമുള്ള പുനരധിവാസ സമയത്ത് ഉപജീവന പദ്ധതികൾക്കാണ് കുടുംബശ്രീ പ്രാധാന്യം നൽകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രളയദുരിതങ്ങൾക്കിടയിലും കുടുംബശ്രീ അംഗങ്ങൾ അവരുടെ ഒരാഴ്ചത്തെ ലഘുസമ്പാദ്യം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ശേഖരിച്ചു. അപ്രകാരം 9.33 കോടി രൂപയാണ് അവരെല്ലാവരും കൂടി കളക്ട് ചെയ്തതെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ വ്യക്തമാക്കി.

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന്, പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ അവലോകന യോഗ തീരുമാനമനുസരിച്ച് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 അധിക പ്രവൃത്തി ദിനങ്ങൾ കൂടി അനുവദിച്ച് നൽകുന്നതിന് പ്രധാനമന്ത്രിക്കും കേന്ദ്ര ഗ്രാമവികസന മന്ത്രിക്കും വകുപ്പ് സെക്രട്ടറിയ്ക്കും നിവേദനം നൽകിയെങ്കിലും 50 പ്രവൃത്തി ദിനങ്ങൾ മാത്രമേ അധികമായി അനുവദിച്ചിട്ടുള്ളുവെന്നും റോഡ് ക്ലീനിംഗ്, യന്ത്രം ഉപയോഗിച്ചുള്ള റോഡ് ക്ലീനിംഗ് എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിക്കുന്നില്ലെന്നും തദ്ദേശസ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി. വെള്ളപ്പൊക്കത്തിന്റെ ഭാഗമായി കൃഷിയിടങ്ങളിൽ മണ്ണിടിഞ്ഞതും വെള്ളം ഒഴുക്കിക്കൊണ്ടുവന്ന എക്കൽ നീക്കം ചെയ്യുന്നതിനും ബിൽഡിംഗ് മെറ്റീരിയൽ ഉണ്ടാക്കി കൊടുക്കുന്ന യൂണിറ്റുകളെയും സ്വകാര്യ കൃഷിയിടങ്ങളിൽ വെള്ളത്തോടൊപ്പം വന്നടിഞ്ഞ മണ്ണും ചെളിയും കല്ലുമൊക്കെ നീക്കി കൃഷി യോഗ്യമാക്കാനും തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്താനാവുമെന്ന് അദ്ദേഹം തുടർന്നറിയിച്ചു

പാടശേഖരങ്ങളിലും കൃഷിത്തോട്ടങ്ങളിലും വെള്ളം എത്തിച്ചിരുന്ന തോടുകൾ, കനാലുകൾ, ലിഫ്റ്റ് ഇറിഗേഷൻ എന്നിവ വൺടൈം ക്ലീനിംഗ് നടത്തി കൃഷിക്ക് വെള്ളമെത്തിക്കുന്നതിനുള്ള പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതി വഴി ചെയ്യാനാകുമെന്നും വെള്ളപ്പൊക്കത്തിൽ വന്നടിഞ്ഞ മണ്ണ് നീക്കം ചെയ്യുന്നതിന്റെ ഭാഗമായി മറ്റ് കാര്യങ്ങൾക്കുള്ള റിസോഴ്സായി ഉപയോഗിക്കണമെന്ന ആശയം മുന്നോട്ട് വച്ചിട്ടുണ്ടെങ്കിലും ആയതിന് മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി ആവശ്യമാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു

നഗരപ്രദേശത്തെ ശുചീകരണ പ്രവർത്തനത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലൂടെ നഗരപ്രദേശത്തെ പ്രവൃത്തികൾ ചെയ്യാനാണുദ്ദേശിക്കുന്നതെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു

പി.എം.ജി.എസ്.വൈ. റോഡുകൾ എങ്ങനെയാണ് വീണ്ടെടുക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന്, പി.എം.ജി.എസ്.വൈ-യുടെ കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ.) വഴിയാണ് പ്രസ്തുത ജോലികൾ ചെയ്യുന്നതെന്നും പ്രത്യേക എസ്റ്റിമേറ്റ് എടുത്ത് ഫണ്ടിനായി അപേക്ഷ കൊടുത്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു. പി.എം.ജി.എസ്.വൈ. റോഡിന്റെ പ്രൊപ്പോസൽ കെ.എസ്.ആർ.ആർ.ഡി.എ. തയ്യാറാക്കി ബ്ലോക്കുകൾ വഴി സംസ്ഥാന തലത്തിൽ അയയ്ക്കുകയാണ് ചെയ്യുന്നതെന്ന് സമിതിയുടെ മറ്റൊരു ചോദ്യത്തിന് മറുപടിയായി അഡീഷണൽ ചീഫ് സെക്രട്ടറി വിശദമാക്കി. പ്രളയം തീർന്നപ്പോൾ തന്നെ പി.എം.ജി.എസ്.വൈ. റോഡിന്റെയും അതിലേക്ക് കൊണ്ടുവരാവുന്ന റോഡിന്റെയും കണക്കുകൾ എടുത്തിട്ടുണ്ടെന്നും സംസ്ഥാന സർക്കാർ പ്രളയ ദുരന്ത ബാധിതമായി പ്രഖ്യാപിച്ച എല്ലാ സ്ഥലങ്ങളിലും കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു

സംസ്ഥാനത്ത് 320000 കിണറുകൾ പ്രളയത്തിൽ മലിനമാകപ്പെട്ടിട്ടുണ്ടെന്നും അതിൽ 301000 കിണറുകൾ ശുദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അവ കുടിവെള്ള യോഗ്യമല്ലെന്ന് കണ്ടെത്തിയതിനാൽ വാട്ടർ അതോറിറ്റിയുടെ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും വീടുകളിൽ കുടിവെള്ളമെത്തിക്കുകയാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു

പ്രളയാനന്തരം പകർച്ചവ്യാധികൾ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വമിഷനും ആരോഗ്യവകുപ്പിന്റെ സഹായത്തോടെ സ്വീകരിച്ചിട്ടുണ്ടെന്നും എലിപ്പനി ഉണ്ടാകാതിരിക്കാൻ പ്രതിരോധ മരുന്നുകൾ എല്ലാ പഞ്ചായത്തുകളിലും എത്തിക്കുകയും ജനങ്ങൾക്ക് ശക്തമായ ബോധവത്കരണം ആരോഗ്യവകുപ്പ്

ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടത്തിവരുന്നതായും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. കോളറ പോലെയുള്ള ജലജന്യ രോഗങ്ങളും ഡെങ്കിപ്പനിയും ഉണ്ടാകാതിരുന്നതും ഏറെ സഹായകമായെന്നും ഒക്ടോബർ 2-ന് അവസാനിക്കുന്ന തീവ്ര ശുചീകരണ വാരം ആരംഭിച്ചതായും അത് കാര്യക്ഷമമായി പുരോഗമിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

നവംബർ 1 മുതൽ കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലെയും പൊതു ചടങ്ങുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പൂർണ്ണമായി നടപ്പാക്കണമെന്നുള്ള തീരുമാനമെടുത്തതായും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. ദുരിതാശ്വാസ സഹായം പ്രതീക്ഷിക്കാതെ ഈ വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും പരമാവധി പദ്ധതികൾ നിലവിലുള്ള പ്ലാൻ ഫണ്ടുപയോഗിച്ച് ചെയ്യുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ടെന്നും പ്രളയത്തിൽ തകർന്ന പഞ്ചായത്ത് ഓഫീസുകൾ, അംഗനവാടികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവ പുനർനിർമ്മിക്കുന്നതിന് കാത്തുനിൽക്കാതെ വാടക കെട്ടിടത്തിൽ അവയുടെ പ്രവർത്തനം തുടങ്ങാൻ അനുമതി കൊടുത്തിട്ടുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു. പ്രളയ ദുരന്തത്തിൽപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ കരകയറ്റുന്നതിന് 1500 കോടി രൂപ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും എടുക്കാൻ കഴിയുമെന്നും ബാക്കി തുക ഇന്റർനാഷണൽ ഏജൻസികളുടെ ഫണ്ട്, കലാമിറ്റി ഫണ്ട് എന്നിവയിൽ നിന്നും ആവശ്യപ്പെടേണ്ടിവരുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദമാക്കി.

വാസയോഗ്യമല്ലാത്ത സ്ഥലത്ത് വീട് വയ്ക്കരുതെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ പരിശോധന നടന്നുവരികയാണെന്നും അതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉരുൾപൊട്ടൽ മേഖല . വാസയോഗ്യമല്ലാത്ത ഭൂമിയെന്ന രീതിയിലേയ്ക്ക് മാറാൻ പോവുകയാണെന്നും അത്തരം പ്രദേശങ്ങളിലുള്ളവർക്ക് പകരം ഭൂമി കണ്ടെത്തി വീട് വയ്ക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി വിലയിരുത്തി.

14 ജില്ലകളിലെയും പ്രളയബാധയെത്തുടർന്നുണ്ടായ നാശനഷ്ടങ്ങളുടെ റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്ക് 12.50-ന് അവസാനിച്ചു.

# 24-10-2018-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2018 ഒക്ടോബർ മാസം 24-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. അനിൽ അക്കര
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. പി. വി. അൻവർ
4. ശ്രീ. കെ. ബാബു
5. ശ്രീ. പി. ഉബൈദുള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
3. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ മറ്റ് ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. ഷാജഹാൻ ബി., ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി
3. ശ്രീ. ടി. രവീന്ദ്രൻ, ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി
4. ശ്രീമതി ആർ. ഗിരിജ, മാനേജിംഗ് ഡയറക്ടർ, അമൃത്
5. ശ്രീ. വി. ആർ. രാജു, കോർപ്പറേഷൻ സെക്രട്ടറി, കൊല്ലം
6. ശ്രീമതി എ. എസ്. അനുജ, കോർപ്പറേഷൻ സെക്രട്ടറി, കൊച്ചി
7. ശ്രീമതി ദീപ എൽ. എസ്., കോർപ്പറേഷൻ സെക്രട്ടറി, തിരുവനന്തപുരം
8. ശ്രീ. പി, രാധാകൃഷ്ണൻ, കോർപ്പറേഷൻ സെക്രട്ടറി, കണ്ണൂർ

9. ശ്രീ. വിനു സി. കുഞ്ഞപ്പൻ, കോർപ്പറേഷൻ സെക്രട്ടറി, തൃശ്ശൂർ

10. ശ്രീ. കെ. പി. വിനയൻ, അഡീഷണൽ സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ

11. ശ്രീ. രഘുറാം, സെക്രട്ടറി, പാലക്കാട് മുനിസിപ്പാലിറ്റി

12. ശ്രീ. വി. പി. ഷിബു, സെക്രട്ടറി, ഗുരുവായൂർ മുനിസിപ്പാലിറ്റി

13. ശ്രീ. ജഹാംഗീർ, സെക്രട്ടറി, ആലപ്പുഴ മുനിസിപ്പാലിറ്റി.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം, നഗരങ്ങളുടെ സമഗ്രവികസനത്തിനായുള്ള 'അമൃത്' പദ്ധതി സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പ് ഉദ്യോഗസ്ഥരുമായും സംസ്ഥാനത്ത് 'അമൃത്' പദ്ധതി നടപ്പിലാക്കുന്ന ആറ് കോർപ്പറേഷനുകളിലെയും മറ്റ് നഗരസഭകളിലെയും സെക്രട്ടറിമാരുമായും സമിതി ചർച്ച നടത്തി.

കേരളത്തിലെ ആറ് കോർപ്പറേഷനുകളിലും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ എന്നീ നഗരസഭകളിലുമാണ് അടിസ്ഥാന സൗകര്യവികസനത്തിനായുള്ള അമൃത് പദ്ധതി നടപ്പിലാക്കുന്നതെന്നും ശുദ്ധജല വിതരണം, സ്വീവറേജ് ആന്റ് സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, ഓപ്പൺ സ്പെയ്സ് ആന്റ് പാർക്ക് എന്നീ അഞ്ച് മേഖലകളായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും 2015-ൽ ആരംഭിച്ച പദ്ധതി 2020 മാർച്ച് 31 വരെയുള്ള അഞ്ച് വർഷംകൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ആകെ അലോക്കേഷന്റെ (2357.66 കോടി രൂപ) 50% കേന്ദ്രവിഹിതവും 30% സംസ്ഥാന വിഹിതവും 20% നഗരസഭാ വിഹിതവുമാണെന്നും ഇപ്പോഴത്തെ സാഹചര്യത്തിൽ 20% തുക നഗരസഭകൾക്ക് എടുക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ ധനകാര്യ വകുപ്പുമായി ആലോചിച്ച് 15% ദീർഘകാലാടിസ്ഥാനത്തിൽ വായ്പയായി നഗരസഭകൾക്ക് ലഭ്യമാക്കാനും 5% മാത്രം അവയിൽ നിന്നും ഈടാക്കുവാനുമുള്ള തീരുമാനമാണ് കൈക്കൊണ്ടിരിക്കുന്നതെന്നും അതനുസരിച്ച് നടപടികൾ സ്വീകരിച്ചുവരികയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആമുഖമായി അറിയിച്ചു.

389 പ്രോജക്ടുകളിലായി 1005 സബ് പ്രോജക്ടുകൾ നടപ്പിലാക്കാനാണ് അംഗീകാരം ലഭിച്ചിരിക്കുന്നതെന്നും 2236.16 കോടി രൂപയുള്ള 1000 പദ്ധതികൾക്ക് ഭരണാനുമതി നൽകിയതായും അതിൽ 1817.93 കോടി രൂപയുടെ 964 പദ്ധതികൾക്ക് സാങ്കേതികാനുമതിയും 1105.59 കോടി രൂപയുടെ 618 പദ്ധതികൾക്കുള്ള കോൺട്രാക്ട് അവാർഡ് ചെയ്തിട്ടുണ്ടെന്നും അദ്ദേഹം സമിതി മുമ്പാകെ വിശദീകരിച്ചു.

നാളിതുവരെ നഗരസഭകൾ അമൃത് പദ്ധതിക്കായി 102.94 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും 16.51 കോടി രൂപയുടെ 43 പദ്ധതികൾ മാത്രമേ

പൂർത്തീകരിച്ചിട്ടുള്ളുവെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വിശദമാക്കി. ജലവിതരണ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾ വാട്ടർ അതോറിറ്റി വഴിയാണ് നടപ്പിലാക്കുന്നതെന്നും സ്വീവറേജ് സെക്ടറിലെ, തിരുവനന്തപുരം നഗരസഭയുടെ മുഴുവൻ പദ്ധതികളും കൊച്ചിനഗരസഭയിലെ ഒരു പദ്ധതിയും വാട്ടർ അതോറിറ്റി മുഖേനയും മറ്റുള്ള സ്ഥലങ്ങളിൽ അതത് നഗരസഭകൾ വഴിയുമാണ് ചെയ്യുന്നതെന്നും അദ്ദേഹം അറിയിച്ചു. കൊച്ചിയിലും കോഴിക്കോട്ടും നോൺ മോട്ടറൈസ്ഡ് ട്രാൻസ്പോർട്ട്, മേൽപ്പാലങ്ങൾ, ഫുട്പാത്തുകൾ, സൈക്കിൾ ട്രാക്ക് എന്നിങ്ങനെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് അർബൻ ട്രാൻസ്പോർട്ട് സെക്ടറിലൂടെയാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പദ്ധതി നിർവ്വഹണത്തിനായി സംസ്ഥാന തലത്തിൽ മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റും 9 നഗരങ്ങളിൽ സിറ്റിമിഷൻ മാനേജ്മെന്റ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ടെന്നും നഗരസഭകൾ നേരിട്ട് ചെയ്യുന്ന പ്രവൃത്തികൾക്ക് അധികജീവനക്കാർ ആവശ്യമായി വന്നതിനാൽ സംസ്ഥാന തലത്തിൽ ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനമെടുത്ത് ഒമ്പത് നഗരങ്ങളിലും 46 കോൺട്രാക്ട് എഞ്ചിനീയറിംഗ് സ്റ്റാഫിനെ എടുക്കുകയും അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകി നിയമിക്കുകയും ചെയ്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

അമൃത് പദ്ധതിയുടെ നടത്തിപ്പും നിലവിലെ സ്ഥിതിയും സംബന്ധിച്ച് കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി വിശദീകരണം ആരാഞ്ഞു.

**തിരുവനന്തപുരം കോർപ്പറേഷൻ**

തിരുവനന്തപുരം കോർപ്പറേഷന്റെ പരിധിയിൽ വാട്ടർസപ്ലൈയുടെ 41 പ്രവൃത്തികളാണ് പ്രധാനമായും .വരുന്നതെന്ന് കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. അവയ്ക്കെല്ലാം സാങ്കേതികാനുമതി ലഭിക്കുകയും ടെൻഡർ ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും പ്രധാന പ്രവൃത്തിയായ അരുവിക്കരയിലെ 70 എം.എൽ.ഡി. ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ജോലി ആരംഭിക്കാറായെന്നും ഇപ്പോൾ per capita supply of water 100 lpcd (litre per capita per day) ആണെന്നും ഇത് കമ്മീഷൻ ചെയ്യുന്നതോടെ നാഷണൽ ആവറേജായ 150 lpcd യിൽ എത്താൻ കഴിയുമെന്നും കോർപ്പറേഷൻ സെക്രട്ടറി വിശദമാക്കി.

സ്വീവറേജുമായി ബന്ധപ്പെട്ട 112 പ്രവൃത്തികളിൽ 111 പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിക്കുകയും 101 പ്രവൃത്തികൾ ടെൻഡർ ചെയ്യുകയും 35 പ്രവൃത്തികൾ അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. കേരള റോഡ് ഫണ്ട്

ബോർഡിന്റെ കീഴിൽ വരുന്ന 6 കി. മീറ്ററോളം റോഡിന് ക്ലിയറൻസ് ലഭിച്ചിട്ടില്ലാത്തതിനാൽ വർക്ക് ടെൻഡർ ചെയ്യുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി കോർപ്പറേഷൻ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. കോർപ്പറേഷൻ നേരിട്ട് ചെയ്യുന്ന സ്റ്റോം വാട്ടർ ഡ്രെയിനേജിന്റെ 110 പ്രവൃത്തികൾക്കും സാങ്കേതികാനുമതി ലഭിക്കുകയും ടെൻഡർ നൽകുകയും 12 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി വിശദീകരിച്ചു.

അർബൻ ട്രാൻസ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള 4 പ്രവൃത്തികളിൽ ഒന്നായ വഴുതയ്ക്കാട്ടുള്ള ഫുട്പാത്ത് നിർമ്മാണം കോർപ്പറേഷൻ പൂർത്തീകരിച്ചു. മൾട്ടിലെവൽ പാർക്കിംഗുമായി ബന്ധപ്പെട്ട 4 പ്രവൃത്തികളിൽ 2 എണ്ണത്തിന് സാങ്കേതികാനുമതി ലഭിക്കുകയും ടെൻഡർ ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും ഗ്രീൻ സ്പെയ്സ് & പാർക്ക് സെക്ടറിൽ ഒരു പാർക്ക് പൂർത്തീകരിച്ചിട്ടുണ്ടെന്നും സ്റ്റേഷൻകടവ് മുതൽ പൗണ്ട്കടവ് വരെയുള്ള 900 മീ. നീളം വരുന്ന പാർക്കിന് CRZ ക്ലിയറൻസ് ഉൾപ്പെടെയുള്ള ചില പ്രശ്നങ്ങൾ ഉണ്ടെങ്കിലും അതിന് എൻ.ഒ.സി. ലഭ്യമാക്കി ഉടൻ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

## കൊച്ചി കോർപ്പറേഷൻ

അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 98 പദ്ധതികളാണ് കൊച്ചി കോർപ്പറേഷൻ നടപ്പിലാക്കി വരുന്നതെന്നും അതിൽ 97 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഒരെണ്ണം കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിൽ പെന്റിംഗിലാണെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. 88 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചെന്നും പത്തെണ്ണം പെന്റിംഗിലാണെന്നും 68 പദ്ധതികൾ അവാർഡ് ചെയ്തതിൽ 32 പ്രവൃത്തികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും ആറെണ്ണം പൂർത്തീകരിച്ചതായും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി തുടർന്നറിയിച്ചു. ഡ്രെയിനേജിന്റെ 14 പ്രോജക്ടുകളിൽ കിറ്റ്കോ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ അപാകതകൾ ഉണ്ടായിരുന്നതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് എടുക്കേണ്ടി വരുമെന്നും സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. അമൃത് പദ്ധതിക്കായി ആകെ 328 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും 6 പ്രവൃത്തികളും പൂർത്തീകരിച്ചപ്പോൾ 22 കോടി രൂപ ചെലവഴിച്ചതായും കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കി.

## കൊല്ലം കോർപ്പറേഷൻ

കൊല്ലം കോർപ്പറേഷനിൽ അമൃത് പദ്ധതിയ്ക്കായി 283.43 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും 68 പ്രവൃത്തികളാണ് പദ്ധതിയിൻകീഴിൽ ഉള്ളതെന്നും അതിൽ 65 പ്രവൃത്തികൾക്ക് 207.19 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും സ്ഥലം ലഭ്യമല്ലാത്തതിനാൽ മൂന്ന് പ്രവൃത്തികൾ പെന്റിംഗിലാണെന്നും കൊല്ലം കോർപ്പറേഷൻ

സെക്രട്ടറി സമിതിയെ അറിയിച്ചു. 65 പ്രവൃത്തികളിൽ 63 എണ്ണത്തിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെന്നും 8 പ്രവൃത്തികൾ പൂർത്തീകരിച്ചതായും അതിന് 5.14 കോടി രൂപ ചെലവായിട്ടുണ്ടെന്നും 55 പ്രവൃത്തികൾ ടെൻഡർ ചെയ്യുകയും ആയതിൽ 44 പ്രവൃത്തികൾ അവാർഡ് ചെയ്യുകയും 18 പ്രവൃത്തികൾ ആരംഭിച്ചതായും അദ്ദേഹം തുടർന്നറിയിച്ചു. കിറ്റ്കോ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ അപാകതയുള്ളതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഉടൻതന്നെ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

**തൃശ്ശൂർ കോർപ്പറേഷൻ**

തൃശ്ശൂർ കോർപ്പറേഷനിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 122 പദ്ധതികൾക്ക് 269.62 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും എല്ലാ പ്രവൃത്തികളും ആരംഭ ഘട്ടത്തിലാണെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. വാട്ടർ അതോറിട്ടിയുടെ തൃശ്ശൂർ കോർപ്പറേഷന്റെ കീഴിലുള്ള 12.6 ചതുരശ്ര കി. മീ. ഏരിയായിൽ ജലദൗർലഭ്യം നേരിടുന്നതിനാൽ വാട്ടർ എഫിഷ്യൻസി സ്കീം എന്ന പദ്ധതിയ്ക്കായി 4.36 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ പദ്ധതി പെന്റിംഗിലാണെന്നും അദ്ദേഹം തുടർന്നറിയിച്ചു.

അർബൻ ട്രാൻസ്പോർട്ട് പദ്ധതിയിൻകീഴിൽ നടപ്പാലം നിർമ്മിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരികയാണെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി വിശദമാക്കി.

**കോഴിക്കോട് കോർപ്പറേഷൻ**

കോഴിക്കോട് കോർപ്പറേഷനിൽ അഞ്ച് സെക്ടറുകളിലായി 27 പദ്ധതികളുണ്ടെന്നും എല്ലാ പദ്ധതികൾക്കും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടെന്നും 20 പദ്ധതികൾ ടെൻഡർ ചെയ്തെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. സ്വീവറേജിന്റെ രണ്ട് പദ്ധതികളിൽ ഒന്നിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചെന്നും അദ്ദേഹം തുടർന്നറിയിച്ചു. സ്റ്റോം വാട്ടർ ഡ്രെയിനേജിന് പത്ത് പദ്ധതികൾ ടെൻഡർ ചെയ്ത് അവാർഡ് ചെയ്തു. അർബൻ ട്രാൻസ്പോർട്ടിൽ ഉൾപ്പെടുത്തിയ ഏക പദ്ധതി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപ്പിക്കുകയും ഗ്രീൻ സ്പെയ്സിൽ ഉൾപ്പെട്ട എട്ട് പാർക്കുകളും ടെൻഡർ ചെയ്ത് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

**കണ്ണൂർ കോർപ്പറേഷൻ**

അമൃത് ഗൈഡ്ലൈനിൽ ഉൾപ്പെട്ട 40 പ്രോജക്ടുകളിൽ 33 എണ്ണത്തിന്റെ വർക്ക് അവാർഡ് ചെയ്തിട്ടുണ്ടെന്നും അർബൻ ട്രാൻസ്പോർട്ടിൽപ്പെട്ട മൾട്ടിലെവൽ കാർ പാർക്കിംഗ് പൂർത്തിയായിട്ടില്ലെന്നും വാട്ടർ അതോറിറ്റിയുടെ പദ്ധതികളായ സെപ്റ്റേജ് - സ്വീവറേജിന്റെ 2

പദ്ധതികൾ ജില്ലാ കളക്ടർ മുൻകയ്യെടുത്ത് ചെയ്യുന്നതായതിനാൽ പെട്ടെന്ന് പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. സൈക്കിൾ ട്രാക്കിന് സ്ഥലം ലഭിക്കാത്തത് സംബന്ധിച്ച പ്രശ്നം പരിഹരിച്ചതിനാൽ ട്രാക്ക് എത്രയും വേഗം പൂർത്തിയാക്കാനാകുമെന്നും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

## ആലപ്പുഴ മുനിസിപ്പാലിറ്റി

ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ 222.7 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരിക്കുന്നതെന്നും 23 ഡി.പി.ആർ. സമർപ്പിച്ചതിൽ സെപ്റ്റേജിന്റെ ഒരു പ്രോജക്ടൊഴികെയുള്ളവയ്ക്ക് അംഗീകാരം ലഭിക്കുകയും ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തതായി ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു. 187 ഉപപദ്ധതികളിൽ 183 പദ്ധതികൾ ടെൻഡർ ചെയ്യുകയും 45 പദ്ധതികൾ ആരംഭിക്കുകയും 83 പ്രവൃത്തികളുടെ വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു. 204 കോടി രൂപയുടെ വർക്ക് ടെൻഡർ ചെയ്ത് കഴിഞ്ഞതായും മൊബിലൈസേഷൻ അഡ്വാൻസ് ഉൾപ്പെടെ 9.52 കോടി രൂപ ചെലവഴിച്ചതായും അദ്ദേഹം തുടർന്നറിയിച്ചു.

സ്ഥലം കണ്ടെത്താൻ കഴിയാഞ്ഞതിനാൽ സെപ്റ്റേജ് പദ്ധതി തുടങ്ങാൻ വൈകിയെന്നും നിലവിൽ സ്ഥലം കണ്ടെത്തി ടെൻഡർ നടപടികൾ ആരംഭിച്ചതായും സ്വീവറേജിന്റേയും മറ്റ് പദ്ധതികളുടേയും ടെൻഡർ നടപടികൾ ഉടൻ ആരംഭിക്കുമെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി വിശദമാക്കി.

## ഗുരുവായൂർ മുനിസിപ്പാലിറ്റി

ഗുരുവായൂർ മുനിസിപ്പാലിറ്റി 20 പദ്ധതികൾക്കായി 203 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. സമഗ്ര കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് 7 പദ്ധതികളും കുളങ്ങളുടെ നവീകരണത്തിന് ഒരു പ്രോജക്ടുമാണുള്ളതെന്നും സെക്രട്ടറി വിശദീകരിച്ചു. കുളങ്ങളുടെ നവീകരണത്തിന് 10 കോടി രൂപ വകയിരുത്തിയതിൽ 3.32 കോടി രൂപയുടെ പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭിച്ചു. അതിൽ 3 കുളങ്ങൾ ഒഴികെയുള്ളവ സ്വകാര്യ കുളങ്ങളാണെന്നും അവ വിട്ടുകിട്ടുന്നതിനുള്ള നടപടികൾ ആരംഭിച്ചതായും അദ്ദേഹം അറിയിച്ചു.

സ്വീവറേജിന്റെ ഒരു പദ്ധതിയുള്ളതിന് വ്യവസ്ഥകൾക്ക് വിധേയമായി സാങ്കേതികാനുമതി ലഭിച്ചതായും ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട് എന്നിവയുമായി ബന്ധപ്പെട്ട് മൂന്ന് പദ്ധതികൾ വീതമുണ്ടെന്നും മൾട്ടിലെവൽ കാർ പാർക്കിംഗ് പദ്ധതി ടെൻഡർ ചെയ്തതായും ഗ്രീൻ സ്പെയ്സിൽ ആറ് പാർക്കുകൾ അവാർഡ് ചെയ്തതായും എല്ലാ പ്രവൃത്തികളും ഊരാളുങ്കൽ സൊസൈറ്റിയാണ് ചെയ്യുന്നതെന്നും സെക്രട്ടറി വിശദീകരിച്ചു.

നഗരസഭയുടെ സ്വന്തം പ്രവൃത്തികൾക്ക് അവരുടെ വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലായ്മ നിലനിൽക്കുന്നതായി അഡീഷണൽ ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടി. സ്വീവറേജും വാട്ടർ സപ്ലൈയുമായി 114 പദ്ധതികളാണുള്ളതെന്നും 89 വാട്ടർസപ്ലൈ പദ്ധതികളിൽ 71 പദ്ധതികൾക്ക് വർക്ക് അവാർഡ് ചെയ്തെന്നും 7 പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും 8 പദ്ധതികൾ റീ- ടെൻഡർ നടപടിയിലുമാണെന്ന് വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ അറിയിച്ചു.

2020-ൽ പദ്ധതികൾ പൂർത്തിയാകുമോ എന്ന സമിതിയുടെ ചോദ്യത്തിന്, 90% വർക്കുകളും അവാർഡ് ചെയ്ത് കഴിഞ്ഞെങ്കിലും ഭരണാനുമതി ലഭിച്ചശേഷം നഗരങ്ങളിൽ പി.ഡബ്ല്യൂ.ഡി., എൻ.എച്ച്. പോലെയുള്ള പ്രധാന റോഡുകളിലെ വർക്കുകൾക്ക് പെർമിഷനുവേണ്ടി ശ്രമിക്കുകയാണെന്നും പെർമിഷൻ ലഭിച്ചാൽ 2020-ൽ നിശ്ചിത സമയപരിധിക്കുള്ളിൽ വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ച വർക്കുകൾ പൂർത്തിയാക്കുമെന്ന് വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ വ്യക്തമാക്കി.

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും, ജലവിഭവ വകുപ്പ് സെക്രട്ടറിയും സംയുക്തമായി എടുത്ത തീരുമാനപ്രകാരം ഡിഫക്ട് ലയബിലിറ്റി കാലയളവിൽ ഒരു റോഡ് വാട്ടർ അതോറിറ്റിയുടെ വർക്കിനുവേണ്ടി കട്ട് ചെയ്യുകയാണെങ്കിൽ ആയതിന്റെ ഡിഫക്ട് ലയബിലിറ്റി വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമായിരിക്കും. ടെൻഡർ ചെയ്ത വർക്കുകൾക്ക് അധിക തുക മെയിന്റനൻസ് ഫണ്ട് റോഡിൽ നിന്നോ ടെൻഡർ സേവിംഗ്സിൽ നിന്നോ നഗരസഭ കണ്ടെത്തി കൊടുക്കണമെന്നും തീരുമാനമെടുത്തിരുന്നു. പ്രസ്തുത തീരുമാനങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ എത്തുന്നില്ലെന്നും അതിനാൽ അഡീഷണൽ ചീഫ് സെക്രട്ടറി, പി.ഡബ്ല്യൂ.ഡി. പ്രിൻസിപ്പൽ സെക്രട്ടറി, ചീഫ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് കാര്യങ്ങൾ തീരുമാനിക്കുന്നത് ഉചിതമായിരിക്കുമെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

ഓരോ വർഷവും അടുത്ത വർഷത്തേക്കുള്ള പ്രധാനപ്പെട്ട യൂട്ടിലിറ്റിക്ക് വേണ്ടിയുള്ള കാര്യങ്ങൾ മുൻകൂട്ടി പ്ലാൻ ചെയ്ത് ചെയ്യണമെന്നാണ് സർക്കാർ ഉത്തരവ് കൊടുത്തിട്ടുള്ളതെന്ന് അഡീ. ചീഫ് സെക്രട്ടറി അറിയിച്ചു. റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ്, ചില നഗരങ്ങളിൽ ടെൻഡർ ചെയ്യാൻ ആളുകൾ എത്താത്ത പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച് അദ്ദേഹം വിശദീകരിച്ചു. പ്രസ്തുത വിഷയങ്ങൾ പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ചീഫ് എഞ്ചിനീയർമാരുടെയും യോഗം ചേർന്ന് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതാണെന്ന് സമിതി വിലയിരുത്തി. അമൃത് പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ കൃത്യതയോടെ മോണിറ്റർ ചെയ്യാൻ കോർപ്പറേഷൻ സെക്രട്ടറിമാരുടെ ഗൗരവകരമായ ഇടപെടൽ ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിച്ചു.

ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ പദ്ധതിയായ അർബൻ റിഫോംസിൽ കേന്ദ്ര സർക്കാരിൽ നിന്നും മൂന്ന് വർഷവും റിഫോംസ് ഇൻസെന്റീവ് ലഭിക്കുന്നുണ്ടെങ്കിലും പ്രധാന പരിഷ്കാരമായ 'Ease of Doing Business'-ന്റെ ഭാഗമായ ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയർ (ഐ.ബി.പി.എം.എസ്.) 9 നഗരങ്ങളിലും 2017 സെപ്റ്റംബർ 30-ന് മുൻപ് പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യേണ്ടതായിരുന്നുവെന്നും കേന്ദ്ര സർക്കാർ 2017 ഡിസംബർ 31 വരെ സമയം അനുവദിച്ചിട്ടും പ്രസ്തുത സോഫ്റ്റ്‌വെയർ നിർമ്മിച്ചിട്ടില്ലെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. പ്രസ്തുത വിഷയത്തിന്മേൽ കോർപ്പറേഷനുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദമാക്കുവാൻ അദ്ദേഹം നിർദ്ദേശിച്ചു.

ആദ്യകാലത്ത് ഐ.ബി.പി.എം.എസ്. വഴി പദ്ധതി അപ്‌ലോഡ് ചെയ്യാൻ താല്പര്യം കാട്ടാതിരുന്നതിനാൽ മേയർ യോഗം വിളിക്കുകയും ഐ.ബി.പി.എം.എസ്. വഴിയല്ലാത്ത പദ്ധതികൾക്ക് അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. നിലവിൽ ഐ.ബി.പി.എം.എസ്. വഴി പദ്ധതി അപ്‌ലോഡ് ചെയ്യുന്നുണ്ടെന്നും ആളുകൾ പ്രശ്നമുണ്ടാക്കുന്നതിനാലും പത്രങ്ങളിലും മറ്റും വാർത്തകൾ വരുന്നതിനാലും വൺഡേ പെർമിറ്റുകൾക്ക് മാനുവലായി അപേക്ഷിക്കാൻ അനുവദിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

ഡിസൈനേഴ്സിന്റെ ഭാഗത്തുനിന്നും പ്രശ്നങ്ങൾ ഉള്ളതിനാൽ പ്ലാൻ സബ്‌മിറ്റ് ചെയ്തില്ലെന്നും തുടർനടപടി കർശനമായി നടപ്പാക്കുന്നതാണെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

ഇ-ഗവേർണൻസിന്റെ ഭാഗമായി സോഫ്റ്റ് ടെക് കമ്പനി നിർമ്മിച്ച BPaas സോഫ്റ്റ്‌വെയറാണ് പദ്ധതിയ്ക്കായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നതെന്നും അതിന്റെ ഹയർ വേർഷനായ ഐ.ബി.പി.എം.എസ്. ഇ-ഗവേർണൻസ് ചെയ്യു പി.സി.എസ്.-ന്റെ സോഫ്റ്റ്‌വെയറുമായി ഇന്റഗ്രേഷൻ നടത്തിക്കൊണ്ടിരിക്കുകയാണെന്നും അതിന് മൂന്ന് മാസത്തെ സമയം ആവശ്യമാണെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. ഡിസംബർ 31-ന് പദ്ധതി പൂർത്തിയാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പദ്ധതിയുമായി ബന്ധപ്പെട്ട് ചർച്ചകൾ ആവശ്യമായതിനാൽ മേയർ നിർദ്ദേശിച്ചതനുസരിച്ച് പദ്ധതി തൽക്കാലം പെന്റിംഗിൽ വച്ചിരിക്കുകയാണെന്ന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. പെന്റിംഗിൽ വയ്ക്കാതെ സർക്കാർ തീരുമാനം സമയബന്ധിതമായി തീർക്കേണ്ടതാണെന്ന് സമിതി ചൂണ്ടിക്കാട്ടി.

അർബൻ റിഫോംസ് പദ്ധതി കോഴിക്കോട് കോർപ്പറേഷനിൽ നടപ്പാക്കിയെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. ആദ്യഘട്ടത്തിൽ തന്നെ വൺ ഡേ പെർമിറ്റിന്റെ 658-ഓളം അപേക്ഷകൾ ലഭിച്ചതായും രണ്ടാംഘട്ടം പദ്ധതി പൂർത്തിയാക്കാൻ ഒരു വർഷം സമയം വേണമെന്നും അദ്ദേഹം തുടർന്നറിയിച്ചു.

പദ്ധതി ഒരു മാസത്തിനകം പൂർത്തിയാക്കുന്നതാണെന്ന് കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

ഐ.ബി.പി.എം.എസ്. സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നത് സംബന്ധിച്ച് ആലപ്പുഴ മുനിസിപ്പൽ കൗൺസിലിന്റെ കർശനമായ എതിർപ്പുണ്ടായിരുന്നെങ്കിലും അടുത്ത മാസം മുതൽ പദ്ധതി നടപ്പാക്കാമെന്ന് ഉറപ്പ് നൽകിയതായി ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു.

ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ പദ്ധതി ഉടൻതന്നെ തുടങ്ങുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

പാലക്കാട് മുനിസിപ്പാലിറ്റിയിൽ ആഗസ്റ്റ് 15-ന് മുൻപ് തന്നെ ട്രയൽ റൺ നടത്തി ഉദ്യോഗസ്ഥർക്കായി ഓറിയന്റേഷൻ പ്രോഗ്രാം നടത്തിയതായും "സങ്കേത"ത്തിലും "ഐ.ബി.പി.എം.എസ് ".-ലും പദ്ധതി അപേക്ഷകൾ വരുന്നുണ്ടെന്നും പി.എം.എ.വൈ. ഗുണഭോക്താക്കൾക്ക് മാന്വൽ രീതി മതിയെന്നാണ് കൗൺസിൽ ആവശ്യപ്പെടുന്നതെന്നും പാലക്കാട് മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു.

വർക്കല മുനിസിപ്പാലിറ്റിയിലും മറ്റ് ചില മുനിസിപ്പാലിറ്റികളിലും ഐ.ബി.പി. എം.എസ്. വഴി വൺ ഡേ പെർമിറ്റുകൾ അരമണിക്കൂറിനുള്ളിൽ കൊടുക്കാൻ കഴിഞ്ഞതായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടി. അമൃത് നഗരങ്ങളിൽ ഈ പദ്ധതി എന്ന് നടപ്പിലാക്കിത്തുടങ്ങാൻ കഴിയുമെന്ന് പ്രസ്തുത നഗരസഭകൾ തീരുമാനിക്കേണ്ടതുണ്ടെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

'സങ്കേതം' സോഫ്റ്റ്‌വെയറിൽ മാനിപ്പുലേഷൻ സാധ്യത കൂടുതലായതിനാൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ പ്രസ്തുത സോഫ്റ്റ്‌വെയർ നിർത്തലാക്കാൻ തീരുമാനമെടുത്തതായി അഡീഷണൽ ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടി.

ഐ.കെ.എം.-ന്റെ സോഫ്റ്റ്‌വെയറായ 'സങ്കേത'ത്തിൽ കൂടി ഏത് പദ്ധതിയും കടന്നുപോകുമെന്നും അതിനാൽ അമൃത് നഗരങ്ങളിലും ഇത് നിർത്തലാക്കിയാൽ നന്നായിരുന്നു എന്ന് അമൃത് മാനേജിംഗ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

ഐ.ബി.പി.എം.എസ്. സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുന്ന പദ്ധതി എല്ലാ നഗരസഭകളും 2018 ഡിസംബർ 30-ന് മുമ്പ് പൂർത്തീകരിക്കുമെന്ന് നിരീക്ഷിച്ച സമിതി ഡിസൈനർമാരുമായി ഇത് സംബന്ധമായി സംസ്ഥാന തലത്തിൽ ചർച്ച നടത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് 12.25-ന് പിരിഞ്ഞു.

## 29-11-2018-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി-IX ന്റെ ഒരു യോഗം 2018 നവംബർ മാസം 29-ാം തീയതി വ്യാഴാഴ്ച സഭ പിരിഞ്ഞശേഷം രാവിലെ 9.45-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ ചേർന്നു. ബഹു. സമിതി ചെയർമാനും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായ ശ്രീ. എ. സി. മൊയ്തീൻ അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത യോഗത്തിൽ എക്സ്-ഒഫീഷ്യോ അംഗവും ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. അനിൽ അക്കര
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. കെ. എസ്. ശബരീനാഥൻ
6. ശ്രീ. പി. ഉബൈദുള്ള
7. ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ മറ്റ് ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. എസ്. ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
4. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി ആർ. ഗിരിജ, ഡയറക്ടർ, നഗരകാര്യ വകുപ്പ്
6. ശ്രീ. എം. പി. അജിത്കുമാർ, ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
7 ശ്രീമതി കെ. എസ്. ഗിരിജ, ചീഫ് ടൗൺ പ്ലാനർ

8. ശ്രീ. എസ്. മുഹമ്മദ് റിയാസ്, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

9. ശ്രീ. കെ. വി. പ്രമോദ്, പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ.

2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ, കരട് ചട്ടം, [കേരള നഗര-ഗ്രാമാസൂത്രണ സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ് 2018], എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ (672/2017, 673/2017, 676/2017), കുടുംബശ്രീയെ സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ടിൽ ഉൾപ്പെടുത്താനുള്ള അധിക ശിപാർശകളുടെ കരട് എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

I. <u>ബില്ലുകളുടെ പരിഗണന</u>

2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ (ബിൽ നമ്പർ 160), 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ (ബിൽ നമ്പർ 162) എന്നിവ ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. അനിൽ അക്കര, ശ്രീ. കെ. എസ്. ശബരീനാഥൻ, ശ്രീ. പി. ഉബൈദുള്ള എന്നീ അംഗങ്ങളുടെ വിയോജനക്കുറിപ്പോടെ ഭേദഗതി കൂടാതെ അംഗീകരിച്ചു.

II. <u>കരട് ചട്ടത്തിന്റെ പരിഗണന</u>

കേരള നഗര-ഗ്രാമാസൂത്രണ സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ് 2018-ന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

III. <u>എസ്.ആർ.ഒ. കളുടെ സാധൂകരണം.</u>

ചുവടെ ചേർത്തിട്ടുള്ള എസ്.ആർ.ഒ.-കൾ പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു:

1. 2017-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ഭേദഗതി ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 672/2017).
2. 2017-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ഭേദഗതി ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 673/2017).
3. 2017-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 676/2017).

IV. കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനും ഏർപ്പെടുത്താവുന്ന നടപടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിൽ ഉൾപ്പെടുത്താനുള്ള അധിക ശിപാർശകൾ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു:

അധിക ശിപാർശ 1. ഏഴാമത്തെ വരിയിൽ "ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള/ഉടമസ്ഥതയിലുള്ള പൂട്ടിക്കിടക്കുന്ന കെട്ടിടങ്ങൾ/സ്ഥാപനങ്ങൾ തുടങ്ങിയ ആസ്തികൾ ഉണ്ടെങ്കിൽ ആയത് കുടുംബശ്രീ സി.ഡി.എസ്-ന് സൗജന്യമായോ മിതമായ വാടകയുടെ അടിസ്ഥാനത്തിലോ ലഭ്യമാക്കുന്നത് ഉചിതമായിരിക്കും" എന്നത് "ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള/ഉടമസ്ഥതയിലുള്ള പൂട്ടിക്കിടക്കുന്ന കെട്ടിടങ്ങൾ/സ്ഥാപനങ്ങൾ തുടങ്ങിയ ആസ്തികൾ ഉണ്ടെങ്കിൽ ആയത് കുടുംബശ്രീ സി.ഡി.എസ്-ന് സൗജന്യമായോ കരാർ അടിസ്ഥാനത്തിലോ നാമമാത്രമായ വാടകയുടെ അടിസ്ഥാനത്തിലോ ലഭ്യമാക്കുന്നത് ഉചിതമായിരിക്കും" എന്നാക്കി മാറ്റുവാൻ നിർദ്ദേശിച്ചു.

ശിപാർശ 2, 3 എന്നിവ അംഗീകരിച്ച സമിതി, 4-ാമത്തെ ശിപാർശയിലെ പതിനൊന്നാമത്തെ വരിയിൽ "ഇത്തരത്തിൽ കണ്ടെത്തുന്ന ഭൂമിക്ക് വാടക/പ്രതിഫലം നൽകേണ്ടിവരുന്നപക്ഷം പ്രസ്തുത തുക ഉല്പാദന മേഖലയിലെ ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണെന്നും" "സമിതി നിർദ്ദേശിക്കുന്നു" എന്ന വാക്യം ഒഴിവാക്കി അതിന് പകരം "ഇവരുടെ പ്രവർത്തനത്തിന് സഹായകമായ റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്ന കാര്യം പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു" എന്ന് ചേർക്കാനും നിർദ്ദേശിച്ചു.

ഖണ്ഡിക 5, 6, 7, 8, 9 എന്നിവയിലെ ശിപാർശകൾ സമിതി അംഗീകരിച്ചു.

ഖണ്ഡിക 10-ലെ എട്ടാമത്തെ വരിയിൽ "ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ..." എന്നതിന് ശേഷം "അവരുടെ ധനസ്ഥിതി അനുവദിക്കുമെങ്കിൽ" എന്ന് ചേർക്കാൻ തീരുമാനിച്ചു.

ശിപാർശ നമ്പർ 11, 12 എന്നിവ അംഗീകരിച്ചു.

13-ാമത്തെ ശിപാർശയിലെ രണ്ടാമത്തെ വാചകം താഴെപ്പറയുന്ന പ്രകാരം പുനഃക്രമീകരിക്കുവാൻ നിർദ്ദേശിച്ചു:

"ആയതിനാൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി മാറ്റിവച്ച തുക നിർബന്ധമായും അതിനായിത്തന്നെ ചെലവഴിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു".

ശിപാർശ 14, 15, 16 എന്നിവ ഒഴിവാക്കാൻ തീരുമാനിച്ചു.

യോഗം രാവിലെ 10.45-ന് പിരിഞ്ഞു.

## 26-12-2018 -ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം, 2018 ഡിസംബർ 26-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുമായ ശ്രീ. എ.സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ കമ്മിറ്റിയുടെ എക്സ്-ഒഫീഷ്യോ അംഗവും റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. കെ. ബാബു
3. ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു കെ.എ., ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ഡോ. റ്റി. മിത്ര, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. ഡോ. സി. ഉമ്മുസെൽമ, ജോയിന്റ് ഡയറക്ടർ (ഹെൽത്ത്), നഗരകാര്യ ഡയറക്ടറേറ്റ്
4. ശ്രീ. എസ്. ഷാജൻ, ടീം ലീഡർ, അമൃത്
5. ശ്രീ. ആർ. ദിലീപ്, യു.ഐ.ഇ., അമൃത്.

'അർബൻ 2020 പദ്ധതി' സംബന്ധിച്ച് സമിതി തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. കേരളത്തിലെ നഗരസഭകൾക്ക് അനുയോജ്യമായതും നഗരങ്ങളിൽ ബൃഹത്തായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഗുണമേന്മയുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുമായി 2014-15 കാലഘട്ടത്തിൽ രൂപം കൊടുത്ത പദ്ധതിയാണ് അർബൻ 2020 എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആമുഖമായി അറിയിച്ചു. PPP (Public Private Partnership) അടിസ്ഥാനത്തിലും ലഭ്യമാക്കാവുന്ന കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ വിനിയോഗിച്ചും മികച്ച പദ്ധതികൾ തയ്യാറാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നതെന്നും അദ്ദേഹം തുടർന്നറിയിച്ചു.

പ്രസ്തുത പദ്ധതിക്കായി കെ.എസ്.യു.ഡി.പി.-യെ (Kerala Sustainable Urban Development Project) സംസ്ഥാനതല നോഡൽ ഏജൻസിയായും ഡി.പി.ആർ. തയ്യാറാക്കുന്നതിന് അംഗീകൃത ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ചെയർമാനായി നാലംഗ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. പ്രസ്തുത പദ്ധതികൾക്കുള്ള ആശയങ്ങൾ നഗരസഭകൾ നൽകുകയും എംപാനൽ ചെയ്തിട്ടുള്ള ഏജൻസികൾ മുഖേന പദ്ധതി തയ്യാറാക്കുകയുമാണ് ചെയ്യുന്നതെന്നും അപേക്ഷ ക്ഷണിച്ച് 80-തോളം സ്ഥാപനങ്ങളിൽ നിന്ന് 31 കമ്പനികളെ തെരഞ്ഞെടുത്തതിൽ കിറ്റ്കോ എന്ന സ്ഥാപനം 14 നഗര സഭകളുമായി കരാറിൽ ഏർപ്പെടുകയും പ്രസ്തുത കരാർ പ്രകാരം കൺസൾട്ടൻസി ഫീസിന്റെ 20% മുൻകൂർ നൽകുന്നതിന് വ്യവസ്ഥയുണ്ടായിരുന്നെന്നും എന്നാൽ കെ.എസ്.യു.ഡി.പി. 2016 ജൂൺ 30-ന് പദ്ധതി പൂർത്തിയാക്കാതെ അവസാനിപ്പിച്ചതിനാൽ മുഴുവൻ പണവും ഉപയോഗിക്കുവാൻ കഴിഞ്ഞില്ലെന്നും തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടി.

നഗരങ്ങളിലെ കുടിവെള്ളം, മലിനജല, മഴവെള്ള നിർഗ്ഗമന ചാലുകളുടെ നിർമ്മാണം, നഗര പുനരുദ്ധാരണം, നഗര ഗതാഗതം എന്നിങ്ങനെ നാല് മേഖലകളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിതെന്നും JNNURM (Jawaharlal Nehru National Urban Renewal Mission) പദ്ധതിയുടെ പ്ലാൻ ഫണ്ടിൽ നിന്ന് 30 കോടി രൂപ വകയിരുത്തിയാണ് പദ്ധതി ആരംഭിച്ചതെങ്കിലും പണം ലഭ്യമായില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. 2016-ൽ പുതിയ സർക്കാർ അധികാരത്തിൽ വന്നെങ്കിലും മുൻ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിയ്ക്ക് തുക ഒന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതി തുടരാനായില്ല. മേൽ സാഹചര്യത്തിൽ കൺസൾട്ടൻസി സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കി നഗരസഭകൾക്ക് നൽകുകയും ആയത് കെ.എസ്.യു.ഡി.പി.-യുടെ ഓഫീസിലേയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തു എന്നും ഫീസൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ധനകാര്യ വകുപ്പുമായി ചർച്ച ചെയ്തതിന്റെ ഫലമായി കൺസൾട്ടൻസി ഫീസ് നഗരസഭകൾ തന്നെ നൽകുന്നതിന് 20-10-2018-ന് ഉത്തരവ് പുറപ്പെടുവിച്ചതായും അദ്ദേഹം തുടർന്നറിയിച്ചു.

പാർട്ണർ കേരള മിഷൻ വഴി PPP (Public Private Partnership)-ക്ക് വേണ്ടി ശ്രമിച്ചെങ്കിലും ആയത് നടന്നില്ലെന്നും രണ്ട് ഡസനോളം പദ്ധതികൾ PPP-ക്ക് വേണ്ടി നീക്കി വച്ചെങ്കിലും കൊച്ചിയിലെ മൾട്ടിലെവൽ കാർ പാർക്കിംഗിന് മാത്രമേ ആളെ കിട്ടിയുള്ളുവെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

പാർട്ണർ കേരള മിഷൻ 2017-ൽ അവരുടെ പ്രവർത്തനം അവസാനിപ്പിച്ചു. പുതിയതായി രൂപീകരിച്ച 28 നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും സ്വന്തമായി കെട്ടിടം പണിയുന്നതിനും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, മോഡേൺ ക്രിമെറ്റോറിയം, സ്ലോട്ടർ ഹൗസ്, മോഡേൺ മാർക്കറ്റ് എന്നീ കമ്പോണന്റുകൾക്ക് കിഫ്ബിയിൽ പദ്ധതി വച്ചിരുന്നെങ്കിലും പ്രാവർത്തികമായില്ല. സാങ്കേതിക സമിതി പരിശോധിച്ച 26 പദ്ധതി കൾക്ക് 894 കോടി രൂപയും പരിശോധിക്കാത്ത 19 പദ്ധതികൾക്ക് 478 കോടി രൂപയും വേണ്ടി വരുമെന്നും സാങ്കേതിക സമിതി നിരസിച്ച 15 പദ്ധതികളും കരാറിലേർപ്പെടാത്ത 35 പദ്ധതികളും ഉണ്ടെന്നും ആകെ പദ്ധതി തുക 3610 കോടി രൂപയാണെന്നും സർക്കാരിൽ നിന്ന് ലഭിച്ച 20 ശതമാനം തുകയായ 1.91 കോടി രൂപ ചെലവഴിച്ചി ട്ടുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വിശദമാക്കി. JNNURM-ന്റെ സംസ്ഥാന വിഹിതത്തിൽ നിന്നാണ് പ്രസ്തുത തുക ചെലവഴിച്ചതെന്ന് സമിതിയുടെ മറ്റൊരു ചോദ്യത്തിന് മറുപടിയായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്താതെ പ്രഖ്യാപിച്ച പദ്ധതിയാണിതെന്ന് നിരീക്ഷിച്ച സമിതി, കേന്ദ്ര സർക്കാറിന്റെ ഫണ്ട് ഉണ്ടോ എന്നാരാഞ്ഞു. കേന്ദ്ര സർക്കാർ ഫണ്ടൊന്നും ലഭ്യമല്ലെന്ന് സൂചിപ്പിച്ചുകൊണ്ട് JNNURM (Jawaharlal Nehru National Urban Renewal Mission)-ൽ നിന്നും എടുക്കാമെന്നായിരുന്നെന്നും എന്നാൽ തിരുവനന്തപുരത്ത് ഏറ്റെടുത്ത അപ്ഗ്രേഡിംഗ് സർഫസ് വാട്ടർ ഡ്രെയിനേജ് സിസ്റ്റം, സ്റ്റോം വാട്ടർ ഡ്രെയിനേജ് എന്നീ പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ലെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

33 നഗരസഭകളുമായി കൺസൾട്ടൻസി കരാർ വച്ചവർക്ക് ഫീസ് കൊടുത്തില്ലെങ്കിൽ അവർ കോടതിയെ സമീപിക്കാൻ സാധ്യതയുണ്ടെന്നും അതിനാൽ ഈ വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും സമിതി നിർദ്ദേശിച്ചു.

പുതിയതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കുമോ എന്ന് സമിതി ആരാഞ്ഞതിന്, പുതിയ മുനിസിപ്പാലിറ്റികളെ അമൃത് പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും പ്രസ്തുത പദ്ധതിയിൽ 9 നഗരങ്ങൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി. JNNURM (Jawaharlal Nehru National Urban Renewal Mission) പദ്ധതിയുടെ പ്ലാൻ ഫണ്ടിൽ നിന്ന് 30 കോടി രൂപ വകയിരുത്തിയാണ് പദ്ധതി ആരംഭിച്ചിരിക്കുന്നതെന്ന് സമിതി നിരീക്ഷിച്ചു. 30 കോടി രൂപ വകയിരുത്താമെന്ന് ഉറപ്പുണ്ടായിരുന്നെന്നും എ.ഡി.ബി. പദ്ധതി അഞ്ച് നഗരങ്ങൾക്ക് വേണ്ടി മാത്രമുള്ള തായതിനാൽ അർബൻ 2020 പദ്ധതിക്കായി തുക എടുക്കാൻ കഴിയില്ലെന്നും ബഡ്ജറ്റിൽ

ടോക്കൺ ആയിട്ടെങ്കിലും തുക വകയിരുത്തിയിരുന്നെങ്കിൽ പദ്ധതി ഏറ്റെടുക്കമായി രുന്നെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നാല് മേഖലയും ആവശ്യമുള്ളവയാണെന്നും വ്യക്തമായ ധാരണയോടെ പദ്ധതികൾ തയ്യാറാക്കിയാൽ സംസ്ഥാന ബഡ്ജറ്റിൽ നവകേരള സൃഷ്ടിയുടെ ഭാഗമായി ഉൾപ്പെടുത്തി ശാശ്വത പരിഹാരം കാണാൻ കഴിയുമെന്നും സമിതി വിലയിരുത്തി. അർബൻ 2020 പദ്ധതി സംബന്ധിച്ച നെഗോസിയേഷൻ നടക്കുന്ന സാഹചര്യത്തിൽ പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി കൺസൾട്ടൻസി കരാർ അംഗീകരിച്ച 33 തദ്ദേശസ്വയംഭരണ സ്ഥാനങ്ങളുമായി ചർച്ച നടത്തി ഗുണപരമായ കമ്പോണന്റ് ഏതെന്ന് കണ്ടെത്തി ഡി.പി.ആർ.ന്റെ ഭാഗമാക്കി ചെയ്യാൻ കഴിയുന്ന പദ്ധതികൾ കൊണ്ടുവരാൻ ശ്രമിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

അർബൻ 2020 പദ്ധതി നേരത്തെ പ്രഖ്യാപിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തിരുന്നെങ്കിലും ബഡ്ജറ്റിൽ തുക വകയിരുത്താതിരുന്നതിനാൽ പദ്ധതിയുമായി മുന്നോട്ട് പോകുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ട് നേരിട്ടതായി സമിതി വിലയിരുത്തി. കുടിവെള്ളവിതരണം, മലിനജല, മഴവെള്ള നിർഗ്ഗമന ചാലുകളുടെ നിർമ്മാണം, നഗര പുനരുദ്ധാരണം, നഗര ഗതാഗതം തുടങ്ങിയ നാല് മേഖലകളിലായി നഗരസഭകളുടെ അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. നഗരപുനരുദ്ധാരണത്തിന്റെ ഭാഗമായി പുതിയ നഗരസഭകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ പദ്ധതിയുണ്ടെങ്കിലും കുടിവെള്ള പദ്ധതി, മലിന ജല, മഴവെള്ള നിർഗ്ഗമന ചാലുകളുടെ നിർമ്മാണം, നഗര ഗതാഗതം എന്നിവ ഉൾപ്പെടുന്നില്ലെന്നും സമിതി നിരീക്ഷിച്ചു.

ഡീസെൻട്രലൈസ്ഡ് വേസ്റ്റ് മാനേജ്മെന്റിനായി തൃശ്ശൂരിൽ 100 കോടി രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും അമൃത് പദ്ധതിയിൽ നിന്ന് 40 കോടി രൂപ എടുക്കുന്നതിന് സർക്കാർ ഉത്തരവ് ഉണ്ടായിരുന്നെങ്കിലും സ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ പദ്ധതി 20 കോടി രൂപയിൽ നിർത്തേണ്ടി വന്നതായും സ്ഥലപരിമിതിമൂലം തിരുവനന്തപുരത്തും പദ്ധതി ഒഴിവാക്കേണ്ടി വന്നു എന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതുവരെ പണം നൽകിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, മൊബിലൈസേഷനും ട്രാൻസ്പോർട്ടിനുമുള്ള പണം മാത്രമേ നൽകിയിട്ടുള്ളൂ എന്നും ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി ലഭിച്ചാൽ മാത്രമേ പണം നൽകേണ്ടതുള്ളൂ എന്നും അഡീഷണൽ ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടി. പദ്ധതിയുടെ പ്രയോജനത്തെപ്പറ്റി നഗരസഭകൾക്ക് ബോധ്യപ്പെടാതെ പണം കൊടുക്കാൻ സാധിക്കില്ല. യൂസർ ഫീ വാങ്ങാൻ സാധിക്കാത്തതിനാൽ അർബൻ 2020-ലെ ഒരു പദ്ധതിയും PPP (Public Private

Partnership)-യിൽ വരുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്ലോട്ടർ ഹൗസ്, മോഡേൺ മാർക്കറ്റ്, ആധുനിക ക്രെമെറ്റോറിയങ്ങൾ എന്നിവയൊന്നും അർബൻ 2020 പദ്ധതിയിൽ വരുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയ സമിതി, പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു.

ASCI (Administrative Staff College of India) യുടെ സാങ്കേതിക സേവനം പദ്ധതി നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ സാധിച്ചില്ലെന്ന് സമിതി നിരീക്ഷിച്ചു. കൺസൾട്ടൻസികൾ സംസ്ഥാനതല സാങ്കേതിക സമിതികൾക്ക് സമർപ്പിച്ച പദ്ധതികൾ പരിശോധിക്കാൻ ASCI-യ്ക്ക് നിർദ്ദേശം കൊടുക്കുവാൻ കഴിയുമോ എന്ന് സമിതി ആരാഞ്ഞതിന്, കൺസൾട്ടൻസി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചപ്പോൾ നഗരകാര്യ വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള കമ്മിറ്റി ഒരു ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റിന്റെ ആവശ്യകത സൂചിപ്പിച്ചിരുന്നു. JNNURM -ന്റെ പ്രോജക്ട് മാനേജ്മെന്റ് ഹെഡ് ആയിരുന്ന ASCI വഴി ഒരു ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റ് രൂപീകരിക്കാൻ സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. നാല് അംഗങ്ങൾ അടങ്ങിയ പ്രസ്തുത യൂണിറ്റായിരിക്കും ഡി.പി.ആർ. പരിശോധിക്കുന്നതെന്നും യൂണിറ്റിന് പ്രതിമാസം 3 ലക്ഷം രൂപ ശമ്പളവും വർഷം 5 ലക്ഷം രൂപ ക്ഷാമബത്തയും അനുവദിച്ചിരുന്നെന്നും അമൃത് ടീം ലീഡർ വിശദമാക്കി.

യൂണിറ്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ പണം കണ്ടെത്തിയത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, കെ.എസ്.യു.ഡി.പി.-യുടെ സ്പെഷ്യൽ ഫണ്ട് എന്ന നിലയിൽ അനുവദിച്ച അഞ്ച് കോടി രൂപയിൽ നിന്നാണ് പണം എടുത്തതെന്നും കൺസൾട്ടൻസികൾക്ക് 1.91 കോടി രൂപ നൽകിയതും പ്രസ്തുത ഫണ്ടിൽ നിന്നാണെന്നും അമൃത് ടീം ലീഡർ വ്യക്തമാക്കി.

സംസ്ഥാനതല സാങ്കേതിക സമിതി എന്ന് സൂചിപ്പിച്ചത് ASCI-യെക്കുറിച്ചാണോ എന്നും നിലവിലുള്ള പദ്ധതികളെപ്പറ്റി പരിശോധിക്കാൻ പ്രസ്തുത കമ്മിറ്റിക്ക് കഴിയുമോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, പ്രോജക്ട് പരിശോധിക്കാനായി രൂപീകരിച്ചത് മറ്റൊരു സബ് കമ്മിറ്റിയെയാണെന്നും ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റി എന്ന രീതിയിൽ നാല് മേഖലകളിലുമായി നാല് സബ് കമ്മിറ്റികൾ ഉണ്ടായിരുന്നുവെന്നും പ്രോജക്ട് സബ്മിറ്റ് ചെയ്തത് പ്രസ്തുത കമ്മിറ്റികളായിരുന്നെന്നും ASCI പദ്ധതി ഏറ്റെടുക്കാതിരുന്നതിനാലാണ് സെക്ടറൽ കമ്മിറ്റികൾ രൂപീകരിച്ചതെന്നും അമൃത് ടീം ലീഡർ അറിയിച്ചു. ASCI വലിയൊരു സ്ഥാപനമാണെന്നും രണ്ട് പട്ടണങ്ങളിലെ JNNURM പദ്ധതികളുടെ മോണിറ്ററിംഗ് & ഇവാല്യുവേഷൻ എന്നിവയ്ക്കായി കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയതാണെങ്കിലും പദ്ധതി തുക ചെലവ് സംസ്ഥാന സർക്കാർ ആണ് വഹിക്കേണ്ടതെന്നും പദ്ധതി തുകയുടെ 40% കൺസൾട്ടൻസിയ്ക്ക് കൊടുക്കുകയും ബാക്കി തുക ASCI എടുക്കുകയുമാണ് ചെയ്യുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

വലിയ തുകയുള്ള കൺസൾട്ടൻസി ഫീസ് കൊടുത്ത് വലിയ പദ്ധതികൾ ഏറ്റെടുക്കാൻ മുനിസിപ്പാലിറ്റികളെ സഹായിക്കാൻ കഴിയുന്ന സാങ്കേതിക സംവിധാനം ഉണ്ടാക്കാൻ കഴിയുമോ എന്ന് പരിശോധിക്കാൻ സമിതി നിർദ്ദേശിച്ചു. കുടിവെള്ളം, മഴവെള്ള നിർഗ്ഗമന ചാലുകളുടെ നിർമ്മാണം എന്നിവ ഏറ്റെടുക്കാൻ സംസ്ഥാനത്ത് ആളുകളുണ്ടെങ്കിലും സ്വീവറേജ്-സെപ്റ്റേജ് തുടങ്ങിയ കാര്യങ്ങളിൽ വിദഗ്ധർ കുറവാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടി. AMRUT മിഷൻ മാനേജ്മെന്റ് യൂണിറ്റിൽ അർബൻ ട്രാൻസ്പോർട്ടിന്റെയും ഡ്രെയിനേജിന്റേയും എൺവയോൺമെന്റ് എഞ്ചിനീയർമാർ ഉണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി തുടർന്നറിയിച്ചു.

അർബൻ 2020 പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുക വകവരുത്തിയിരുന്നില്ലെന്ന് വിലയിരുത്തിയ സമിതി, JNNURM പദ്ധതിയുടെ പ്ലാൻ ഫണ്ടിൽ നിന്നും 30 കോടി രൂപ വകയിരുത്തി പദ്ധതി ആരംഭിച്ചു എന്ന് രേഖപ്പെടുത്തിയത് തിരുത്തണമെന്ന് നിർദ്ദേശിച്ചു.

<u>സമിതിക്കുള്ള കുറിപ്പ്</u>

(ഫയൽ നമ്പർ 2557/സബ്.സി.ഡി1/2018/നി.സെ.)

കേരള റിയൽ എസ്റ്റേറ്റ് (റഗുലേറ്ററി & ഡെവലപ്മെന്റ് ) റൂൾസ് - 2018-ന്റെ കരട് പരിഗണിച്ച വേളയിൽ സമിതി ഒഴിവാക്കാൻ നിർദ്ദേശിച്ച ഭാഗം എസ്.ആർ.ഒ.419/18 നമ്പർ വിജ്ഞാപനത്തിൽ കടന്നുകൂടിയതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ലഭ്യമാക്കിയ വിശദീകരണം സമിതി പരിഗണിച്ചു. എസ്.ആർ.ഒ വിജ്ഞാപനത്തിന് erratum പബ്ലിഷ് ചെയ്യാമെന്നും അത് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമെന്നുമുള്ള അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശം സമിതി അംഗീകരിച്ചു.

യോഗം രാവിലെ 11.50-ന് പിരിഞ്ഞു.

## 23-1-2019-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-IX ന്റെ ഒരു യോഗം 2019 ജനുവരി മാസം 23-ാം തീയതി ബുധനാഴ്ച സഭ പിരിഞ്ഞശേഷം രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ ചേർന്നു. ബഹു. സമിതി ചെയർമാനും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായ ശ്രീ. എ. സി. മൊയ്തീൻ അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. കെ. ആൻസലൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി.

<u>ഹാജരായ മറ്റ് ഉദ്യോഗസ്ഥർ</u> :

1. ശ്രീ. കെ. ജി. ഭട്ട്, സെക്രട്ടറി, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്
2. ശ്രീമതി ആർ. ഗിരിജ, ഡയറക്ടർ, നഗരകാര്യവകുപ്പ്
3. ഡോ. ദിവ്യ എസ്. അയ്യർ, എം.ഡി., എം.ജി.എൻ.ആർ.ഇ.ജി.എസ്
4. ശ്രീ. ജോയ് ഇളമൺ, ഡയറക്ടർ, കില
5. ശ്രീ. എൽ. പി. ചിത്തർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
6. ശ്രീമതി ശ്രീകല സി. എസ്., ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

സമിതി, ജനകീയാസൂത്രണത്തിന്റെ വിജയത്തിന് അനിവാര്യ ഘടകങ്ങളായ ആസൂത്രണത്തിലും കർമ്മശേഷി വികസനത്തിലും കിലയുടെ ഇടപെടൽ, തൊഴിലുറപ്പ് പദ്ധതികൾ പ്രാദേശിക വികസനത്തിൽ വഹിക്കുന്ന പങ്ക്, എന്നീ വിഷയങ്ങൾ പരിഗണിക്കുകയും വിഷയം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

I. <u>ജനാധിപത്യത്തിന്റെ വിജയത്തിന് അനിവാര്യ ഘടകങ്ങളായ ആസൂത്രണത്തിലും കർമ്മശേഷി വികസനത്തിലും 'കില'യുടെ ഇടപെടൽ</u>

ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ കിലയുടെ സജീവ ഇടപെടൽ, പ്രാദേശിക സാമ്പത്തിക വികസനവും സാമൂഹിക നീതിയും ഉറപ്പുവരുത്താൻ ഇടയാക്കിയതായി തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) സെക്രട്ടറി അറിയിച്ചു. ബോധവൽക്കരണ പരിശീലനങ്ങൾ, ശില്പശാലകൾ, സാമൂഹ്യവിദ്യാഭ്യാസ പരിപാടികൾ, കൈപുസ്തകങ്ങൾ, പിന്തുണ സംവിധാനങ്ങൾ, ഹെൽപ്പ് ഡെസ്ക് എന്നിവ കിലയുടെ പ്രധാന പ്രവർത്തനങ്ങളിൽപ്പെടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും വിവിധ ജനകീയ സംവിധാനങ്ങളിലെ ഭാരവാഹികളുടെയും കാര്യശേഷി വികസനത്തിനായി വിവിധ വിഷയങ്ങളെ സംബന്ധിച്ച് പരിശീലന പരിപാടികളും ശില്പശാലകളും നടത്തിവരുന്നതായും വ്യത്യസ്ത വിഷയങ്ങളിൽ 2470 ബാച്ചുകളിലായി 158876 ആളുകൾക്ക് പരിശീലനം നൽകിയിട്ടുള്ളതായും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

ആസൂത്രണ പ്രവർത്തനങ്ങൾ, പ്രോജക്ട് വെറ്റിംഗ് പദ്ധതിയുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയറിന്റെ നിർമ്മാണവും പ്രവർത്തന രീതിയും പരിചയപ്പെടൽ, പദ്ധതി നിർവ്വഹണം, പെർഫോമൻസ് ഓഡിറ്റ് എന്നീ ഘട്ടങ്ങളിലെല്ലാം കിലയുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകി വരുന്നുണ്ടെന്നും, പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഓരോ ജില്ലയിലും ഒരു ഓഫീസും റിസോഴ്സ് പേഴ്സണും വീതം ഉണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി. ജനകീയാസൂത്രണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഒഴികെ മറ്റ് വിഭാഗങ്ങൾക്കും മനസ്സിലാക്കുന്നതിന് 'സാമൂഹ്യ വിദ്യാഭ്യാസ പരിപാടി' എന്ന പ്രോഗ്രാം കിലയുടെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ടെന്നും 213 ബാച്ചുകളിലായി 10696-ഓളം സന്നദ്ധ പ്രവർത്തകരെ ബോധവത്കരിക്കാനും പരിശീലനം നൽകുവാനും കിലയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നും വിശദീകരിക്കപ്പെട്ടു.

സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അച്ചടിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മറ്റ് കേന്ദ്രങ്ങളിലും വിതരണം ചെയ്യുന്നതിലും കില നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു. നവകേരള കർമ്മ പദ്ധതിയുടെ നാല് മിഷനുകളായ ഹരിത കേരളം, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവയിലൂടെ ജനകീയാസൂത്രണ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സംയുക്ത പരിശീലന പരിപാടികളും നയപരമായ തീരുമാനങ്ങളും കിലയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്.

ജനകീയാസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ച "പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ജൈവ വൈവിധ്യം, ദുരന്ത നിവാരണം" എന്ന വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾക്ക് പ്രസ്തുത വിഷയം സംബന്ധിച്ച് പരിശീലനങ്ങളും ശില്പശാലകളും സംഘടിപ്പിക്കുകയും കൈപ്പുസ്തകങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും ബാലസൗഹൃദം, ഭിന്നശേഷി വികസനം, വയോജന ക്ഷേമം, സാന്ത്വന ചികിത്സ, സ്ത്രീ ശാക്തീകരണം, ലിംഗ നീതി തുടങ്ങിയ വിഷയങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുകയും ആയതുവഴി പ്രസ്തുത പദ്ധതികൾ ഏറ്റെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുവാനും കിലയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ സംശയങ്ങൾക്ക് ഓട്ടോമേറ്റഡ് റിപ്ലൈ നൽകുന്ന കിലയുടെ സംവിധാനമാണ് ഹെൽപ്പ് ഡെസ്ക്. ഈ സംവിധാനത്തിലൂടെ ഒരു വർഷത്തിൽ അയ്യായിരത്തോളം ചോദ്യങ്ങൾക്ക് മറുപടി നൽകാൻ സാധിച്ചിട്ടുണ്ടെന്നും

പ്രസ്തുത ചോദ്യങ്ങളും ഉത്തരങ്ങളും പുസ്തക രൂപത്തിലും ന്യൂസ് ലെറ്റർ വഴിയും ജനങ്ങളിൽ എത്തിക്കാൻ കിലയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നും സെക്രട്ടറി തുടർന്നറിയിച്ചു. പദ്ധതി ആസൂത്രണത്തിൽ ക്രിയാത്മകമായ പങ്ക് വഹിക്കുന്ന SRG (State Resource Group)-യിൽ കിലയുടെ ഡയറക്ടറും ഫാക്കൽറ്റിയും സജീവമായി പങ്കെടുക്കാറുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിന് ഡോക്കുമെന്റേഷൻ തയ്യാറാക്കുന്ന എന്ന ശ്ലാഘനീയമായ പ്രവർത്തനങ്ങളും കിലയുടെ നേതൃത്വത്തിൽ നടന്നുവരുന്നതായും കിലയുടെ പ്രവർത്തനങ്ങൾ പഠിക്കുന്നതിന് വേണ്ടി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൂടാതെ വിദേശത്ത് നിന്നുപോലും പ്രതിനിധികൾ വരുന്നുണ്ട് എന്നത് കിലയുടെ പ്രവർത്തന മികവ് തെളിയിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

കില നൽകുന്ന പരിശീലനം എത്രത്തോളം പ്രയോജനപ്പെടുന്നുണ്ടെന്നത് സംബന്ധിച്ച വിലയിരുത്തൽ നടത്തണമെന്നും താഴെത്തട്ടിൽ നടപ്പാക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് കൃത്യമായ റിപ്പോർട്ടിംഗ് നടത്താനുള്ള സംവിധാനം വേണമെന്നും കാര്യശേഷി വർദ്ധിപ്പിക്കുവാൻ കഴിയുന്ന തരത്തിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യണമെന്നും സമിതി അഭിപ്രായപ്പെട്ടു. കിലയുടെ പ്രവർത്തനങ്ങൾ എത്രത്തോളം ഗുണകരമാണ് എന്നറിയുന്നതിന് സ്വതന്ത്ര ഏജൻസി വഴി നാല് പരിശീലന വിഷയങ്ങളുടെ ഇംപാക്റ്റ് അസസ്മെന്റ് നടന്നുകൊണ്ടിരിക്കുകയാണെന്നും പ്രസ്തുത സ്വതന്ത്ര ഏജൻസികളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഐ.ആർ.ടി.സി., സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് & എൺവയോൺമെന്റൽ സ്റ്റഡീസ് എന്നീ രണ്ട് സ്ഥാപനങ്ങൾക്ക് രണ്ട് വിഷയങ്ങൾ വീതം നൽകിയിരിക്കുകയാണെന്നും കില ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

ഓരോ പഞ്ചായത്തിന്റെയും പ്രവർത്തനങ്ങളെപ്പറ്റി വിശദമായ അവലോകനം ബഹു. മന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടത്തുകയുണ്ടായിയെന്നും സർക്കാരും ജില്ലാ ഭരണകൂടവും മോണിറ്ററിംഗ് നടത്തുന്നതിന്റെ ഫലം മേഖലാ പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

കൊട്ടാരക്കര എസ്.ഐ.ആർ.ഡി. (State Institute of Rural Development)-ക്ക് നൽകിയിട്ടുള്ള സ്ഥലത്തിൽ ആവശ്യത്തിൽ അധികമുള്ളത് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെന്നും കിലയുടെ പ്രവർത്തനങ്ങളിൽ സ്ഥലം എം.എൽ.എ.-മാരുടെ പങ്കാളിത്തം ഉറപ്പുവരുത്തണമെന്നുമുള്ള വിഷയങ്ങൾ കിലയുടെ ഗവേർണിംഗ് ബോഡി മീറ്റിംഗിൽ പരിഗണിക്കാൻ സമിതി നിർദ്ദേശിച്ചു.

II. തൊഴിലുറപ്പ് പദ്ധതികൾ പ്രാദേശിക വികസനത്തിൽ വഹിക്കുന്ന പങ്ക് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

റൂറൽ ആന്റ് അർബൻ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി കേന്ദ്ര സർക്കാർ പദ്ധതിയാണെന്നും ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങൾക്കും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത അവിദഗ്ധ കായിക തൊഴിൽ നൽകുക എന്നുള്ളതാണ് MGNREGS (Mahatma Gandhi National Rural Employment Guarantee Scheme) പദ്ധതിയുടെ ലക്ഷ്യമെന്നും തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ് സെക്രട്ടറി അറിയിച്ചു. തൊഴിൽ കൊടുക്കുക എന്നുള്ള ലക്ഷ്യത്തിനൊപ്പം ഗ്രാമീണ മേഖലയിൽ സ്ഥിര ആസ്തികൾ കൂടിയുണ്ടാക്കുക എന്നതിലേക്കാണ് പദ്ധതി ലക്ഷ്യംവയ്ക്കുന്നതെന്നും അദ്ദേഹം തുടർന്നറിയിച്ചു. ദരിദ്ര ജനവിഭാഗത്തിന്റെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ, വിവിധ വിഭാഗങ്ങളുടെ സാമൂഹിക അടിത്തറ ശക്തിപ്പെടുത്തൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ശാക്തീകരണം എന്നിവയും തൊഴിലുറപ്പ് പദ്ധതികളുടെ ലക്ഷ്യങ്ങളിൽപ്പെടുന്നുവെന്നും സെക്രട്ടറി വിശദീകരിച്ചു.

സംസ്ഥാനത്തെ എല്ലാ ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കിവരുന്ന തൊഴിലുറപ്പ് പദ്ധതിയിൽ ആകെ 54.04 ലക്ഷം തൊഴിലാളികളാണുള്ളതെന്നും അതിൽ 34.85 ലക്ഷം പേർക്ക് ഇതുവരെ തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ടെന്നും തൊഴിൽ കാർഡ് ലഭിച്ചതിൽ 19.74 ലക്ഷം (56.67%) പേരും തൊഴിലിലേർപ്പെടുന്നുണ്ടെന്നും സെക്രട്ടറി വിശദീകരിച്ചു. ആകെ ആക്ടീവ് വർക്കേഴ്സ് 23.61 ശതമാനവും ഇതിൽ സ്ത്രീകൾ 18.83 ശതമാനവുമാണ്. അപ്രൂവ്ഡ് ബഡ്ജറ്റ് പ്രകാരം പെർഫോർമൻസിൽ 119.77% നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ആയത് ദേശീയ നിലവാരത്തിനേക്കാൾ വളരെ മുന്നിലാണെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. 2018-19 സാമ്പത്തിക വർഷത്തെ ലേബർ ബഡ്ജറ്റ് 550 ലക്ഷം രൂപയാണെന്നും ജനുവരി 20-ാം തീയതി വരെയുള്ള നേട്ടം 666.53 ലക്ഷം രൂപയാണെന്നുള്ളത് ബഡ്ജറ്റിനെക്കാൾ 21% (121.18%) കൂടുതലാണെന്ന് കാണാവുന്നതാണെന്നും, 9578-ഓളം കുടുംബങ്ങൾക്ക് ഏകദേശം 100 ദിവസത്തെ തൊഴിൽ നൽകാൻ കഴിഞ്ഞെന്നും അദ്ദേഹം അറിയിച്ചു.

2019 ജനുവരി 23 വരെ 92993 കുടുംബങ്ങൾ 100 ദിവസത്തെ തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയതായും ഇത് ജനുവരി അവസാനത്തോടെ ഒരു ലക്ഷം കവിയുമെന്നും ഈ വർഷത്തെ പ്രൊജക്ഷൻ അനുസരിച്ച് ഏകദേശം 3 ലക്ഷം കുടുംബങ്ങളെങ്കിലും 100 ദിവസത്തെ തൊഴിൽ ദിനങ്ങൾ പൂർത്തീകരിക്കുമെന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുറെയധികം പേർ 200 ദിവസത്തെ തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും MGNREGS എം.ഡി. അറിയിച്ചു.

അട്ടപ്പാടിയിലും വയനാട്ടിലും മറ്റും പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് വേതനം അഡ്വാൻസായി കൊടുക്കുന്ന പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് സമിതി ആരാഞ്ഞു. തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള 2 പദ്ധതികളാണ് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ നൽകുന്നതിനായിട്ടുള്ള സംസ്ഥാന സർക്കാരിന്റെ 'എസ്.ടി.-ട്രൈബൽ-പ്ലസ് പദ്ധതി'-യും അഡ്വാൻസ് വേജസ് നൽകുന്ന പദ്ധതിയും എന്ന് MGNREGS എം.ഡി. അറിയിച്ചു. 15 ദിവസത്തിനകം വേതനം നൽകണമെന്നാണ് നിയമം അനുശാസിക്കുന്നതെങ്കിലും ഏകദേശം രണ്ടുമാസത്തോളം താമസം ഉണ്ടാകുന്നുണ്ടെന്നും, അതുകൊണ്ട് തന്നെ അതത് ദിവസമോ ആഴ്ചയിലോ വേതനം ലഭിച്ചില്ലെങ്കിൽ പട്ടികവർഗ്ഗ കുടുംബങ്ങളിൽപ്പെട്ടവർ തൊഴിലുറപ്പ് ജോലികൾക്ക് വരുന്നതിന് വൈമനസ്യം കാണിക്കുന്നുണ്ടെന്നും ഇത് മറികടക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 11 കോടിയോളം രൂപ റിവോൾവിംഗ് ഫണ്ടായി നൽകി കുടുംബശ്രീ വഴി എല്ലാ ശനിയാഴ്ചയും വിതരണം ചെയ്യുന്നുണ്ടെന്നും അവർ വിശദീകരിച്ചു. കേന്ദ്രസർക്കാരിൽ നിന്നും വേതനം ലഭിക്കുന്ന മുറയ്ക്ക് ബാങ്ക് അക്കൗണ്ടിൽ നിന്നും പ്രസ്തുത തുക തിരികെ പിടിക്കാനുള്ള പദ്ധതിയാണിതെന്നും നിലവിൽ വയനാട്ടിൽ നാല് പഞ്ചായത്തുകളിലും അട്ടപ്പാടിയിലെ മൂന്ന് പഞ്ചായത്തുകളിലും പദ്ധതി ആരംഭിച്ചുകഴിഞ്ഞതായും മറ്റ് ജില്ലകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ അധികമുള്ള സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള സംവിധാനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും എം. ഡി. വ്യക്തമാക്കി.

കെട്ടിട നിർമ്മാണ സാമഗ്രിയായ കട്ടയുടെ നിർമ്മാണത്തിന് പരിശീലനം നൽകുന്നത് വളരെയധികം പ്രയോജനകരമാണെന്ന് വിലയിരുത്തിയ സമിതി, ബിൽഡിംഗ് മെറ്റീരിയൽ യൂണിറ്റുകൾ എല്ലായിടത്തുമുണ്ടോയെന്ന് ആരാഞ്ഞു. നിലവിൽ 390 ബിൽഡിംഗ് മെറ്റീരിയൽ യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ടെന്നും ഓരോ ബ്ലോക്കിലും മെഷീനുകൾ ഉപയോഗിക്കുന്ന ഒരു യൂണിറ്റ് നിർബന്ധമായി ഉണ്ടായിരിക്കണമെന്നും കൂടാതെ മനുഷ്യപ്രയത്നം ഉപയോഗിക്കുന്ന യൂണിറ്റുകൾ ആവശ്യാനുസരണം ഉണ്ടാകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും 390 യൂണിറ്റുകൾ പ്രവർത്തനസജ്ജമായിട്ടുണ്ടെന്നും ബാക്കിയുള്ളതിന് സ്ഥലം കണ്ടെത്തുക, വാടകയ്ക്ക് മെഷീനുകളെടുക്കുക മുതലായ കാര്യങ്ങൾ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായും MGNREGS എം.ഡി. വിശദമാക്കി.

തൃശ്ശൂർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട് 250 പേർക്ക് പരിശീലനം കൊടുത്തുകഴിഞ്ഞതായും കുടുംബശ്രീ മുഖേന സ്ത്രീകൾക്കും കുടുംബശ്രീയിൽ അംഗങ്ങളായ പുരുഷന്മാർക്കും കൂടി പ്ലംബിംഗ്, വയറിംഗ്, കാർപ്പെന്ററി തുടങ്ങിയ പത്തോളം മേഖലകൾ കണ്ടെത്തി 50,000 ആളുകൾക്ക് പരിശീലനം നൽകുന്നതോടൊപ്പം അവർക്ക് പണിയായുധങ്ങളും മറ്റ് സൗകര്യങ്ങളും കൊടുത്ത് സ്വയംസംരംഭകർ എന്ന നിലയിൽ എത്തിക്കാൻ നടപടി സ്വീകരിച്ചുവരുന്നതായും സമിതി വിലയിരുത്തി.

ഏഴ് ജില്ലകളിലെ പ്രളയബാധിത പ്രദേശങ്ങളിൽ 50 ദിവസത്തെ അധിക തൊഴിൽ നൽകുന്നതിന് കേന്ദ്ര വിജ്ഞാപനം ലഭിച്ചുകഴിഞ്ഞെന്നും നോട്ടിഫൈ ചെയ്യുന്നും അവശേഷിക്കുന്ന, കാസർഗോഡ് ഒഴികെയുള്ള ആറ് ജില്ലകളിൽ കൂടി 50 ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും MGNREGS എം.ഡി. അറിയിച്ചു. പ്രളയാനന്തര സംയോജനത്തിനായി കൂട്ടായ പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകുന്നതെന്നും നിലവിൽ ഒൻപത് വകുപ്പുകളുമായി കൂടിച്ചേർന്ന് പ്രവർത്തിക്കുന്നതായും എം. ഡി. തുടർന്നറിയിച്ചു. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ജലസേചനം, വനം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, സാമൂഹ്യനീതി എന്നീ വകുപ്പുകളിലും നവകേരളം, റീ-ബിൽഡ് കേരള എന്നിവയുടേയും ഏകദേശം എല്ലാ പദ്ധതികളിലും ലേബർ കോമ്പോണന്റ് നൽകാൻ MGNREGS-ഉം പങ്കാളിയാകുന്നുണ്ടെന്ന് അവർ കൂട്ടിച്ചേർത്തു.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട കണക്കുകൾ തയ്യാറാക്കി നൽകാത്തതിനാൽ തൊഴിലാളികൾക്ക് മൂന്ന്-നാല് മാസമായി വേതനം ലഭിക്കാത്ത സ്ഥിതി നിലനിൽക്കുന്നതായും നെയ്യാറ്റിൻകര നഗരസഭയിലും ഈ സ്ഥിതി നിലനിൽക്കുന്നതായും സമിതി നിരീക്ഷിച്ചു.

നെയ്യാറ്റിൻകര നഗരസഭയിൽ 50 ലക്ഷം രൂപ കൊടുത്തിട്ടുണ്ടെന്നും 60% ഫണ്ട് ഉപയോഗിച്ചുകഴിഞ്ഞാൽ ബാക്കി തുക മാറികൊടുക്കുന്നുണ്ടെന്നും കൂടുതൽ തുകയുണ്ടെങ്കിൽ വേയ്സ് & മീൻസ് ക്ലിയറൻസിന് പോകേണ്ട ആവശ്യമുള്ളതിനാലാണ് ഫണ്ട് നൽകാൻ കാലതാമസം നേരിട്ടതെന്നും നിലവിൽ മുഴുവൻ ഫണ്ടും മാറി നൽകിയിട്ടുണ്ടെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ വിശദമാക്കി.

യോഗം ഉച്ചയ്ക്ക് 12 മണിക്ക് പിരിഞ്ഞു.

## 27-2-2019-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2019 ഫെബ്രുവരി മാസം 27-ാം തീയതി ബുധനാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായ ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. കെ. ആൻസലൻ

4. ശ്രീ. പി. ഉബൈദുള്ള

5. ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

2. ശ്രീ. രാജു. കെ. എ, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

2. ശ്രീ. എൻ. പത്മകുമാർ, കമ്മീഷണർ, ഗ്രാമവികസന വകുപ്പ്

3. ശ്രീ. ബി. എസ്. തിരുമേനി, പഞ്ചായത്ത് ഡയറക്ടർ

4. ശ്രീമതി ആർ. ഗിരിജ, ഡയറക്ടർ, അർബൻ അഫയേഴ്സ്

5. ശ്രീ. പി. വി. ബാബു, അഡീഷണൽ ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്

6. ശ്രീ. യു. വി. ജോസ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

7. ശ്രീ. എസ്. ലത, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

8. ശ്രീ. എം. എസ്. ബിജുകുട്ടൻ, ജോയിന്റ് സെക്രട്ടറി, പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്

9. ശ്രീ. ജെ. ക്ലീറ്റസ്, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

10. ശ്രീമതി ഗിരിജ കെ.എസ്, ചീഫ് ടൗൺ പ്ലാനർ

11. ശ്രീ. എസ് ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

12. ഡോ. ആർ. അജയകുമാർ വർമ്മ, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

3. ശ്രീ. റ്റി. എം. മുഹമ്മദ് ജാ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, എം.ജി.എൻ.ആർ.ഇ.ടി.എസ്. മിഷൻ

14. ശ്രീ. പി. ആർ. സജികുമാർ, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

15. ശ്രീ. കെ. ജോസഫ് പോൾ, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി.

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ XXII (നഗരവികസനം) XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ), XXXV (പഞ്ചായത്ത്), XXXVI (ഗ്രാമവികസനം), XLVI (സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും) എന്നീ ധനാഭ്യർത്ഥനകൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ധനാഭ്യർത്ഥനകളിലെ പല ശീർഷകങ്ങളിലും ബന്ധപ്പെട്ട വകുപ്പുകൾ അധികമായി ആവശ്യപ്പെട്ട തുകകൾ സമിതി ശിപാർശ ചെയ്തുവെങ്കിലും, ചില ശീർഷകങ്ങളിൽ അധികം പണം ആവശ്യമുള്ളവയിൽ അധിക തുക ആവശ്യപ്പെട്ടിട്ടില്ലെന്നും ചില ശീർഷകങ്ങൾ സംബന്ധിച്ച് അവ്യക്തതയുള്ളതായും തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. ചില ധനാഭ്യർത്ഥനകൾ സംബന്ധിച്ച സമിതിയുടെ ചോദ്യങ്ങൾക്ക് വ്യക്തവും തൃപ്തികരവുമായ മറുപടി നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കഴിഞ്ഞതുമില്ല. ആയതിനാൽ മേൽപ്പറഞ്ഞ ധനാഭ്യർത്ഥനകൾ 6-3-2019-ാം തീയതിയിൽ യോഗം ചേർന്ന് ഒന്നുകൂടി പരിശോധിക്കുവാൻ സമിതി തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കു ശേഷം 12.20-ന് പിരിഞ്ഞു.

## 27-2-2019-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2019 ഫെബ്രുവരി 27-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായ ശ്രീ. എ. സി. മൊയ്തീന്റെ നിർദ്ദേശാനുസരണം സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ഇ. കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു കെ. എ. ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, ന്യൂനപക്ഷക്ഷേമ വകുപ്പ്
2. ശ്രീ. എ. ഷിബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീമതി കല എസ്. വി., അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
4. ശ്രീമതി കെ. എസ്. സുധ, അഡീഷണൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
5. ശ്രീ. ബാബു കെ., അഡീഷണൽ സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
6. ശ്രീ. അബ്ദുൾ നാസർ ബി., കമ്മീഷണർ & സെക്രട്ടറി, ഹൗസിംഗ് ബോർഡ്
7. ശ്രീമതി ശകുന്തള കെ., അഡീഷണൽ രജിസ്ട്രാർ, സഹകരണ വകുപ്പ്
8. ശ്രീ. ജെ. ക്ലീറ്റസ്, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീ. എം. എസ്. ബിജുകുട്ടൻ, ജോയിന്റ് സെക്രട്ടറി, ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്
10. ശ്രീ. എ. കിഷൻ, ഡയറക്ടർ-ഇൻ-ചാർജ്, സൈനിക ക്ഷേമ വകുപ്പ്
11. ശ്രീ. എൻ. ഉമ്മർ, സീനിയർ ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്
12. ശ്രീ. ആർ. പ്രസന്നൻ, ജോയിന്റ് ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ്
13. ശ്രീ. ആർ. ജയൻ, ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം
14. ശ്രീ. രാജീവ് കാരിയിൽ, ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
15. ശ്രീ. വി. ആർ. അനിൽ കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, റവന്യൂ വകുപ്പ്
16. ശ്രീ. പി.എം. ഷൈജു, സീനിയർ ഫിനാൻസ് ഓഫീസർ (ബിൽഡിംഗ്സ്).

സമിതി, 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ XXI, XXV എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ വിവിധ ശീർഷകങ്ങൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

## ധനാഭ്യർത്ഥന നമ്പർ XXI—ഭവന നിർമ്മാണം

ഭവന നിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ പങ്കെടുക്കാതിരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ,സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെടണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

2216-05-001-99—ഭരണവും നടത്തിപ്പും 2059 പൊതുമരാമത്ത് എന്നതിൽ നിന്ന് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് മാറ്റിയ വിഹിതം

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 3.313 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-05-052-96—2059 പൊതുമരാമത്ത് എന്നതിൽ നിന്നും യന്ത്രോപകരണങ്ങൾക്കും പണിയായുധങ്ങൾക്കും വേണ്ടി മാറ്റിയ വിഹിതം

മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 19.59 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-80-001-99-00-01-1—ശമ്പളം

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ രണ്ട് വർഷത്തോളമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ, ഐ.എ.എസ് ഓഫീസർമാർക്ക് ഓഫീസ് അസിസ്റ്റന്റിനെ നിയമിക്കാനുള്ള അലവൻസ് എന്നിവ നിർവ്വഹിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 12.50 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

(01)—സഹായധനം

ദുർബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലുള്ള കമ്മി നികത്തുന്നതുൾപ്പെടെയുള്ള നടപടികൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 1.0483 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-103-99 (35)—<u>ലക്ഷം വീട് ബമ്പർ ലോട്ടറി-തനത് വരുമാനം</u>

കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ലക്ഷം വീട് കോളനികളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് 616.06 ലക്ഷം രൂപ ചെലവ് വരുന്ന പ്രൊപ്പോസലിന് സർക്കാരിന്റെ അംഗീകാരം ലഭിച്ചതായി സമിതി മനസ്സിലാക്കി. ആയതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 4.663 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-80-103-99(37)—<u>ഗൃഹശ്രീ-സബ്സിഡി</u>

അപേക്ഷകർ ധാരാളമുള്ളതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ലെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ, ഈ ശീർഷകത്തിൽ 17.64 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-190-99—<u>ഭവന നിർമ്മാണം</u>

ഉദ്യോഗസ്ഥരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക, ശമ്പളം, ആഡിറ്റ് ഫീസ് എന്നിവ നൽകുന്നതിന് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ, ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-283-89—<u>ഭവന രഹിതർക്ക് ഭവനം</u>

ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത 2916 വീടുകളുടെ പൂർത്തീകരണത്തിനും ഭവന പുനരുദ്ധാരണത്തിനുമായി 60 കോടി രൂപ ഉൾപ്പെടെ 100 കോടി രൂപ ആവശ്യമുള്ളതായി സമിതി മുമ്പാകെ ബോധിപ്പിക്കപ്പെട്ടു. ആയതിനാൽ ഈ ശീർഷകത്തിൽ 42.80 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4216-01-106-98(02)—<u>സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്-വൻകിട മരാമത്ത് പണികൾ</u>

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ 1.004 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4216-80-195-99(05)—പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധന സഹായം

പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4216-80-201-96—കടകംപള്ളി റവന്യൂ ടവർ

കടകംപള്ളി റവന്യൂ ടവർ പദ്ധതിയ്ക്കായി 2019-20 സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചതായും സമിതി നിരീക്ഷിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

2225-04-102-91—കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ 31-സഹായധനം-ശമ്പളം

ഡി.എ. വർദ്ധനവ്, വാർഷിക ശമ്പള വർദ്ധനവ്, ടി.എ./ഡി.എ. ഇനത്തിലുള്ള ചെലവ് എന്നിവ വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ മേൽ ശീർഷകത്തിൽ 41.32 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-04-102-91-36 —ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളേതരം

ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ, ഗവേഷണങ്ങൾ എന്നിവ നടത്തുന്നതിനും, മെമ്പർമാർക്കുള്ള ഇന്ധന അലവൻസ്, ഓഫീസ് കെട്ടിട വാടക തുടങ്ങിയ ശമ്പളേതര ചെലവുകൾ വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് നിരീക്ഷിച്ച സമിതി, മേൽ ശീർഷകത്തിൽ 90.86 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-04-001-99-06—വാടക, കരം, നികുതി

ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനായി മേൽ ശീർഷകത്തിൽ 24 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-04-001-99-12— സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

സിവിൽ സർവ്വീസ് ഉൾപ്പെടെ വിവിധ സ്കോളർഷിപ്പുകൾക്ക് അപേക്ഷകരുടെ എണ്ണം വളരെ കൂടുതലായതിനാൽ അർഹരായ അപേക്ഷകർക്ക് സ്കോളർഷിപ്പ് നൽകാൻ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-04-001-99-17—ചെറുകിട മരാമത്തുപ്പണികൾ

വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി മേൽ ശീർഷകത്തിൽ 33.83 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-04-001-99-18—സംരക്ഷണം

ഡയറക്ടറേറ്റിന്റെയും മദ്രസ്സാ ക്ഷേമനിധി ഓഫീസിന്റേയും വകുപ്പിന്റെ കീഴിലുള്ള മറ്റ് കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി നിരീക്ഷിച്ചു. മേൽ ശീർഷകത്തിൽ 10,000 രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-04-001-99-21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും

വകുപ്പിന്റെ കീഴിലുള്ള ഔദ്യോഗിക വാഹനം സർവ്വീസ് ചെയ്യുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-04-102-92-34—<u>മറ്റ് ചെലവുകൾ</u>

പതിനേഴ് പരിശീലന കേന്ദ്രങ്ങളുടെയും പുതുതായി ആരംഭിക്കുന്ന ഏഴ് കേന്ദ്രങ്ങളുടെയും ചെലവുകൾ, 29 സബ്സെന്ററുകളിലെയും ഓണറേറിയം, ഉറുദു സ്കോളർഷിപ്പ് എന്നിവയ്ക്ക് ചെലവാകുന്ന തുക മേൽ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നതെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ പ്രസ്തുത ചെലവുകൾ വഹിക്കുന്നതിലേക്കായി മേൽ ശീർഷകത്തിൽ 7 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 12.55-ന് പിരിഞ്ഞു.

## 6-3-2019-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2019 മാർച്ച് 6-ാം തീയതി ബുധനാഴ്ച രാവിലെ 10.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായ ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. ഉബൈദുള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു കെ.എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജാസ്മിൻ. പി.എസ്., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. വിശ്വാസ് മേത്ത, അഡീഷണൽ ചീഫ് സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്
2. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

3. ശ്രീ. ബി. എസ്. തിരുമേനി, പഞ്ചായത്ത് ഡയറക്ടർ
4. ശ്രീ. എൻ. പത്മകുമാർ, കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
5. ശ്രീമതി ആർ. ഗിരിജ, ഡയറക്ടർ, നഗരകാര്യ വകുപ്പ്
6. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ ജനറൽ, ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
7. ശ്രീ. എസ്. ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
8. ഡോ. ആർ. അജയകുമാർ വർമ്മ, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
9. ശ്രീമതി ശകുന്തള കെ., അഡീഷണൽ രജിസ്ട്രാർ, സഹകരണ വകുപ്പ്
10. ശ്രീ. യു. വി. ജോസ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
11. ശ്രീമതി എൽ. സിന്ധു, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
12. ശ്രീ. ആർ. പ്രസന്നൻ, ജോയിന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
13. ശ്രീ. എ. കിഷൻ, ഡയറക്ടർ-ഇൻ-ചാർജ്, സൈനിക ക്ഷേമ വകുപ്പ്
14. ശ്രീ. ജെ. ക്ലീറ്റസ്, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
15. ശ്രീമതി ഗിരിജ കെ. എസ്. , ചീഫ് ടൗൺ പ്ലാനർ.
16. ശ്രീമതി ജിജി ജോർജ്ജ്, ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)
17. ശ്രീ. ആർ. ജയൻ, ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം
18. ശ്രീ. കെ. ജോസഫ് പോൾ, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്പ്മെന്റ് ഏജൻസി.

സമിതി, 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന XXII, XXXV, XXXVI, XLVI എന്നിവയിലുൾപ്പെട്ട വിവിധ ശീർഷകങ്ങൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## ധനാഭ്യർത്ഥന XXII—നഗരവികസനം

2217-05-001-99—<u>മുഖ്യനഗരാസൂത്രകന്റെ ഓഫീസ്</u>

മുഖ്യനഗരാസൂത്രകന്റെയും വിജിലൻസിന്റെയും ഓഫീസുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04-1 വിനോദ യാത്രാ ബത്ത—25,000 രൂപ

45- പി. ഒ. എൽ—50,000 രൂപ

21-2-മോട്ടാർ വാഹനം- സംരക്ഷണവും അറ്റകുറ്റ പണികളും—50,000 രൂപ

2217-05-001-69—<u>നഗരാസൂത്രണ വകുപ്പിന്റെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവും</u>

നഗരാസൂത്രണ വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വകുപ്പിലെ എല്ലാ കാര്യാലയങ്ങളും പേപ്പർ രഹിതമാക്കുന്നതിനും സാങ്കേതിക ഉദ്യോഗസ്ഥർക്ക് സംസ്ഥാന ത്തുടനീളം യാത്ര ചെയ്യുന്നതിന് ഓഫീസ് വാഹനം സജ്ജമാക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ മേൽ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2217-05-001-68—<u>മാനുഷിക അധിവാസത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രത്യേകതകളുടെ ഗവേഷണവും വികസനവും, ആസൂത്രണവും വികസനവും</u>

മുഖ്യമന്ത്രിയുടെ ഹൈ ഇംപാക്റ്റ് പ്രോജക്ടുകളിൽ ഉൾപ്പെട്ട നെൽവയൽ തണ്ണീർത്തട സംരക്ഷണത്തിനും വികസനത്തിനും അനുയോജ്യമായ സ്ഥലലഭ്യത ഉറപ്പാക്കുന്നതിനും തണ്ണീർത്തടങ്ങളുടെ മികച്ച ഉപയോഗത്തിനും ആവശ്യമായ പഠനം തിരുവനന്തപുരം നഗരപ്രദേശങ്ങളിൽ നടത്തുന്നതിനാവശ്യമായ ഓഫീസ് ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2217-05-001-65—<u>ജില്ലാ പ്ലാനിംഗ് ഓഫീസുകളിലെ ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും</u>

മേൽ ശീർഷകത്തിൽ വിവിധ കണക്കിനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി താഴെ കൊടുത്തിട്ടുള്ള ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06- വാടക, കരം, നികുതി—2 ലക്ഷം രൂപ

45- പി.ഒ.എൽ —5 ലക്ഷം രൂപ

2217-05-001-64—<u>വിശദമായ മാസ്റ്റർ പ്ലാനും ടൗൺ പ്ലാനും തയ്യാറാക്കുന്നതിനുള്ള പദ്ധതി</u>

മാസ്റ്റർ പ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പ്രോജക്ട് സെല്ലിന്റെ പ്രവർത്തനത്തിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ മേൽ ശീർഷകത്തിൽ 4.70 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളുടെ ആസൂത്രിത വികസനത്തിനായി മാസ്റ്റർ പ്ലാൻ സമയബന്ധിതവും കുറ്റമറ്റ രീതിയിലും തയ്യാറാക്കുന്ന നടപടികൾ ഈ രംഗത്ത് വൈദഗ്ദ്ധ്യം നേടിയിട്ടുള്ള ദേശീയ/അന്തർദേശീയ ഏജൻസികൾക്ക് പുറംകരാർ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാനും തീരുമാനിച്ചു.

2217-80-001-99-00-21-1—<u>നഗരകാര്യ വകുപ്പിലേയ്ക്ക് വാഹനം വാങ്ങൽ</u>

ആസ്ഥാന ഓഫീസിലും മേഖലാ ജോയിന്റ് ഡയറക്ടേറ്റിലും ഓരോ പുതിയ വാഹനം വാങ്ങുന്നതിന് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ മേൽ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-001-95—<u>കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾ-വിവരസാങ്കേതികവിദ്യ</u>

ഇ-ഓഫീസ് സംവിധാനത്തിന്റെ അടുത്ത ഘട്ടം നടപ്പിലാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2217-80-001-91—<u>മുനിസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കുള്ള സംഭാവന</u>

കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ മുനിസിപ്പൽ പെൻഷൻ ഫണ്ടിലേയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി, ഈ ശീർഷകത്തിൽ 600 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

നഗരസഭകളുടെ അടിസ്ഥാന വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഇംപാക്ട് കേരള ലിമിറ്റഡിന് ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 1 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2217-80-003-96—പുതുതായി രൂപീകരിച്ച നഗരസഭകളിലെ അക്കൗണ്ടിംഗ് നവീകരണം നടപ്പാക്കൽ (സംസ്ഥാന പദ്ധതി)

പുതുതായി രൂപീകരിച്ച 28 നഗരസഭകളിലെയും അക്കൗണ്ടിംഗ് സമ്പ്രദായം ഡബിൾ എൻട്രി സംവിധാനത്തിലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും അനുബന്ധ ചെലവുകൾക്കും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി ചൂണ്ടിക്കാട്ടി. ആയതിനാൽ, ഈ ശീർഷകത്തിൽ 68 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2217-05-051-98—പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്കുള്ള കെട്ടിടനിർമ്മാണം

പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2217-05-191-71— (കോർപ്പറേഷനുകൾ)

2217-05-192-70—(മുനിസിപ്പാലിറ്റികൾ) -സ്വച്ച്ഭാരത് മിഷൻ (അർബൻ)

മേൽ ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഈ ശീർഷകങ്ങളിൽ 61.79 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2217-80-800-82—കലാപൈതൃക സംരക്ഷണ കമ്മീഷൻ (ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ)

കലാപൈതൃക സംരക്ഷണ കമ്മീഷന്റെ പ്ലാനുകളിൽ ഹെറിറ്റേജ് ഏരിയയായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ പൈതൃകമൂല്യം നിലനിർത്തുന്നതിനാവശ്യമായ മാർഗ്ഗ രേഖകൾ തയ്യാറാക്കുന്നതിനായി ആ പ്രദേശങ്ങളുടെ ഡോക്കുമെന്റേഷൻ നടത്തേണ്ടതും, ഇത് സംബന്ധിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനായി ലഘു ലേഖ തയ്യാറാക്കേണ്ടതും സെമിനാറുകൾ നടത്തേണ്ടതും ആവശ്യമാണെന്ന് സമിതി അഭിപ്രായ പ്പെട്ടു. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-800-76—<u>അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി (സംസ്ഥാന പദ്ധതി)</u>

നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4217-60-051-95—<u>സമ്പൂർണ്ണ ഭവന പദ്ധതി- നഗരം (ലൈഫ് പാർപ്പിട മിഷൻ)</u>

നഗരമേഖലയിൽ ലൈഫ് മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, ഈ ശീർഷകത്തിൽ 575 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXXV—പഞ്ചായത്ത്

2515-00-001-92—<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗം</u>

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പുതുതായി സൃഷ്ടിച്ച 195 അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ശമ്പളം നൽകുന്നതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ ഈ ശീർഷകത്തിൽ 10.897 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-001-86—<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിൻ കീഴിലുള്ള ഓഫീസുകളുടെ ആധുനികവത്കരണം, കമ്പ്യൂട്ടർവത്കരണം, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ</u>

ഇ-ഗവേണൻസിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനും ഗുണ നിലവാര നിർണ്ണയ ലബോറട്ടറികൾ ബ്ലോക്ക് തലത്തിൽ വ്യാപിപ്പിക്കുന്നതിനും ഇ-എം.ബുക്ക് നടപ്പിലാക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-101-65—<u>സ്വച്ഛ ഭാരത് മിഷൻ (ഗ്രാമീൺ)</u>

നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് നിരീക്ഷിച്ച സമിതി, ഈ ശീർഷകത്തിൽ 17.4 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-101-63—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണൽ

02-01—വേജസ് എന്ന ശീർഷകത്തിൽ 4.50 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-198-39—ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ

നബാർഡിന്റെ സഹായത്തോടെ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന ആർ.ഐ.ഡി.എഫ്. പദ്ധതികൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി ഈ ശീർഷകത്തിൽ 12.65 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-197-39—ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ

ഗ്രാമ പ്രദേശങ്ങളിൽ വിവിധ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 14.136 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-196-39—ജില്ലാപഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ

പദ്ധതികളുടെ പൂർത്തീകരണത്തിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ ഈ ശീർഷകത്തിൽ 15.5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-003-44—മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടാരക്കര എന്നിവിടങ്ങളിലെ കില കേന്ദ്രങ്ങളുടെ ശാക്തീകരണം

മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടാരക്കര എന്നിവിടങ്ങളിലെ കില കേന്ദ്രങ്ങളുടെ ശാക്തീകരണ പദ്ധതികൾക്കായി നീക്കിവെച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ മേൽ ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4515-00-800-98 (03)—പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള ധനസഹായം-അധിക സംസ്ഥാന വിഹിതം

പി.എം.ജി.എസ്.വൈ. പദ്ധതികൾ പൂർത്തിയാക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ ഈ ശീർഷകത്തിൽ 39.57 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4515-00-800-97—തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം-പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കുള്ള പദ്ധതി

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കായി വിഭാവനം ചെയ്ത പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾക്ക് നിലവിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4515-00-800-96—എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട്

എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തി കൾക്ക് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ഈ ശീർഷകത്തിൽ 75 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXXVI—ഗ്രാമ വികസനം

2501-01-196-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും കണ്ടിജൻസി ചെലവുകളും വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 4 കോടി രൂപയും കേന്ദ്ര വിഹിതമായി 6 കോടി രൂപയും ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധിക മായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2505-02-101-99—മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (90% സി.എസ്.എസ്.)

സ്റ്റേറ്റ് മിഷനിൽ അന്യത്ര സേവനത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിനായി ഈ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 2.80 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-001-44—ഗ്രാമവികസന വകുപ്പിൽ ഇ-ഗവേണൻസ് നവീകരണവും ശാക്തീകരണവും

ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ ഇ-ഗവേണൻസ് നവീകരണവും ശാക്തീകരണവും എന്ന പദ്ധതിയുടെ പൂർത്തീകരണത്തിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി, ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-001-42—സ്വരാജ് ഭവനിൽ കോൺഫറൻസ് ഹാൾ നിർമ്മാണം

സ്വരാജ് ഭവനിലെ കോൺഫറൻസ് ഹാൾ ആധുനിക സൗകര്യങ്ങളോടെ സജ്ജീകരിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി, ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-102-62—ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ

ബ്ലോക്ക് പഞ്ചായത്തുകളിൽ സിറ്റിസൺ ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-102-35—നാഷണൽ റർബൻ മിഷൻ

പദ്ധതി നടത്തിപ്പിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ കേന്ദ്ര വിഹിതമായി 63 കോടി രൂപയും സംസ്ഥാന വിഹിതമായി 42 കോടി രൂപയും ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-197-36-01—പുതിയതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിട നിർമ്മാണം

പനമരം, കല്ല്യാശ്ശേരി, കാളികാവ് എന്നീ ബ്ലോക്ക് പഞ്ചായത്തുകളുടെ കെട്ടിട നിർമ്മാണം 2019-20 സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

<u>ഗ്രാമവികസന ഇന്റേൺഷിപ്പ് പ്രോഗ്രാം</u>

സംസ്ഥാനം നേരിട്ട മഹാപ്രളയത്തിന് ശേഷം വോളന്റിയർമാരുടെ സേവനം ഗ്രാമീണ മേഖലയിൽ ഫലപ്രദമായി വിനിയോഗിക്കുന്നതിനായി ഒരു ഇന്റേൺഷിപ്പ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 3.70 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>ഗ്രാമവികസന കമ്മീഷണറേറ്റിൽ ജെൻഡർ സെൽ രൂപീകരണം</u>

ഗ്രാമവികസന വകുപ്പിൽ വനിതകൾക്കുള്ള പ്രാമുഖ്യം കണക്കിലെടുത്ത് സ്ത്രീകളുടെ ശാക്തീകരണത്തിനായി ഒരു ജെൻഡർ സെൽ സ്ഥാപിക്കുന്നതിന് ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 10 ലക്ഷം രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4515-00-102-49—<u>സമ്പൂർണ്ണ ഭവന പദ്ധതി-ഗ്രാമം (ലൈഫ്-പാർപ്പിട മിഷൻ)</u>

ഗ്രാമീണ മേഖലയിൽ ലൈഫ് മിഷന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, മേൽ ശീർഷകത്തിൽ 1400 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

2235-02-50-92—<u>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പെൻഷൻ പദ്ധതി</u>

ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവുമൂലം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 596.55 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-60-50-99 —<u>അഗതികൾക്കുള്ള പെൻഷൻ</u>

പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 1716.3525 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-60-50-98—കർഷക തൊഴിലാളി പെൻഷൻ

ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 629.6926 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-60-50-96—സാമൂഹ്യസുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി

ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 107.6421 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-03-48-99—ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി

ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 3842.3997 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സമിതി യോഗം രാവിലെ 11.15-ന് പിരിഞ്ഞു.

## 13-3-2019-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2019 മാർച്ച് 13-ാം തീയതി ബുധനാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായ ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. കെ. ബാബു

4. ശ്രീ. കെ. എസ്. ശബരീനാഥൻ

5. ശ്രീ. പി. ഉബൈദുള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

2. ശ്രീ. രാജു കെ.എ., ഡെപ്യൂട്ടി സെക്രട്ടറി.

സമിതി, 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണിയ്ക്കുകയും കരട് റിപ്പോർട്ടിലെ 17-ാം മത്തെ ഖണ്ഡികയിലെ നാലാമത്തെ വരിയിലെ "ഈ രംഗത്ത് വൈദഗ്ധ്യം നേടിയിട്ടുള്ള ദേശീയ/അന്തർദ്ദേശീയ ഏജൻസികൾക്ക് പുറം കരാർ നൽകുന്നതിന് നടപടി സ്വീകരിക്കണം" എന്നതിന് പകരം ......'പുറം കരാർ നൽകുന്ന കാര്യം പരിശോധിക്കണം'..... എന്ന് മാറ്റം വരുത്തണമെന്ന നിർദ്ദേശത്തോടെ കരട് റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

യോഗം രാവിലെ 11:10-ന് പിരിഞ്ഞു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.